©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

## ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
## (2021-2023)

### രണ്ടാമത് റിപ്പോർട്ട്

(2023 സെപ്റ്റംബർ 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണവും നിയന്ത്രണവും

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
# (2021-2023)

## രണ്ടാമത് റിപ്പോർട്ട്

(2023 സെപ്റ്റംബർ 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണവും നിയന്ത്രണവും

977/2023.

ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | - | v |
| ആമുഖം | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം I | - | 29 |
| അനുബന്ധം II | - | 54 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
# (2021-23)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. പി. എ. മജീദ്, എം. എൽ. എ.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ആൻസലൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. പി. വി. അൻവർ, എം. എൽ. എ.

ശ്രീ. സി. ആർ. മഹേഷ്, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

ശ്രീ. ടി. സിദ്ദിഖ്, എം. എൽ. എ.

ശ്രീ. വാഴൂർ സോമൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ജ്യോതി എൽ., ജോയിന്റ് സെക്രട്ടറി.

ശ്രീ. എം. എസ്. ശ്രീകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി റ്റി. ജി. സിന്ധു, അണ്ടർ സെക്രട്ടറി.

## ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ (2021-23) രണ്ടാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 'വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം' സംബന്ധിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5582-ന് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്താൻ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ നേരിട്ട് വിലയിരുത്തുന്നതിനായി കോവളം, അതിരപ്പിള്ളി, ആലപ്പുഴ, വയനാട്, മൂന്നാർ, കോട്ടയം എന്നീ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ വിവിധ ഘട്ടങ്ങളിലായി സമിതി സന്ദർശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സന്ദർശനങ്ങളിൽ നടത്തിയ പരിശോധനകളുടേയും കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 2023, ആഗസ്റ്റ് 23-ന് ചേർന്ന യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**കെ. പി. എ. മജീദ് , എം. എൽ. എ.**

*അദ്ധ്യക്ഷൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി (2021-2023)*

തിരുവനന്തപുരം,
13-9-2023.

# റിപ്പോർട്ട്

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലും പുരോഗതിയിലും വിനോദസഞ്ചാര മേഖലയ്ക്ക് നിർണായകമായ പങ്കാണുള്ളത്. ഇതിന് അനുസൃതമായി വികസന രംഗത്ത് കേരളം മുൻഗണന നൽകി പ്രോത്സാഹിപ്പിക്കുന്ന മേഖലയാണ് വിനോദസഞ്ചാരം. 2023-ൽ ന്യൂയോർക്ക് ടൈംസ് തയ്യാറാക്കിയ ലോകത്ത് നിർബന്ധമായി കണ്ടിരിക്കേണ്ട 52 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം 13-ാം സ്ഥാനത്തോടെ ഇടംപിടിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിന്നും കേരളം മാത്രമാണ് ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നത് അഭിമാനാർഹമാണ്. നമ്മുടെ സംസ്കാരവും പാരമ്പര്യവും പരിസ്ഥിതിയും സംരക്ഷിച്ച് നിലനിർത്തുന്നതിന് വിനോദസഞ്ചാരത്തെ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. ജനസാന്ദ്രതയിൽ ഒന്നാം സ്ഥാനത്ത് നിലകൊള്ളുന്ന കേരളത്തിൽ വിനോദസഞ്ചാര മേഖല പൊതുജീവിതവുമായി ഇഴുകിച്ചേർന്നതായതിനാൽ വിനോദസഞ്ചാര വികസനത്തിനായി കൈക്കൊള്ളുന്ന എല്ലാ നടപടികളുടെയും പ്രത്യക്ഷമോ പരോക്ഷമോ ആയിട്ടുള്ള ഗുണഭോക്താക്കളായി പൊതുസമൂഹം മാറുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ വിനോദ സഞ്ചാരികൾ അലക്ഷ്യമായി വലിച്ചെറിയുന്നത് മാലിന്യ പ്രശ്നത്തിന് കാരണമാകുന്നു. വിനോദസഞ്ചാരികളുടെ എണ്ണത്തിന് ആനുപാതികമായി ശൗചാലയങ്ങളില്ലാത്തതും നാം നേരിടുന്ന വെല്ലുവിളിയാണ്. പകർച്ച വ്യാധികൾ ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നതാണ് മാലിന്യങ്ങൾ എന്നതുകൊണ്ടുതന്നെ പ്രത്യേകിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങൾ മലിനീകരിക്കപ്പെടുന്നത് ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. ഇതോടൊപ്പം വിനോദസഞ്ചാര വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെത്തന്നെ ബാധിക്കുമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടും ശുചിത്വപൂർണ്ണവും മാലിന്യരഹിതവുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ മറുനാടൻ വിനോദസഞ്ചാരികളെ നമ്മുടെ നാട്ടിലേക്ക് ആകർഷിക്കാൻ പ്രചോദകമാകുമെന്നത് കണക്കിലെടുത്തും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

2. പതിനൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 'വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം' സംബന്ധിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5582-ന് സർക്കാർ ലഭ്യമാക്കിയ മറുപടിയെ 162-ാം നമ്പർ ഉറപ്പായി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിക്കുകയും 'മാലിന്യമുക്ത കേരളം പദ്ധതി'യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിനോദസഞ്ചാര

കേന്ദ്രങ്ങളിലെ ശുചിത്വം മെച്ചപ്പെടുത്തുവാനുള്ള പരിപാടികൾക്ക് രൂപം നൽകുമോയെന്നും അതിനായി കുടുംബശ്രീ, സന്നദ്ധസംഘടനകൾ, എൻ.ജി.ഒ.-കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നും ആരായുകയും ചെയ്തിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും ജൈവ അജൈവ മാലിന്യങ്ങളുടെ നിയന്ത്രണം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നുവെന്നും വിനോദസഞ്ചാര മേഖലകളിലെ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി സംസ്ഥാനതലത്തിൽ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നുവെന്നും 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടത്തി വരുന്നതെന്നും മാലിന്യ നിയന്ത്രണം അത്യാവശ്യമെന്ന് കണ്ടെത്തിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്നും കേരളത്തിലെ തെരഞ്ഞെടുത്ത 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലും മാലിന്യ സംസ്കരണവും ശുചീകരണവും ലക്ഷ്യമിടുന്നുവെന്നും വിനോദസഞ്ചാര വകുപ്പ് അറിയിക്കുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ 7-8-2019-ലെ സമിതിയോഗം പരിഗണിക്കുകയും കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ സമഗ്രവികസനത്തിന് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുകയുമുണ്ടായി. തുടർന്ന് ഈ പദ്ധതികളുടെ പുരോഗതിയെക്കുറിച്ച് കൂടുതൽ അറിയുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ നേരിട്ട് വിലയിരുത്തുന്നതിനുമായി കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, അതിരപ്പിള്ളി, ആലപ്പുഴ, വയനാട്, മൂന്നാർ, കോട്ടയം എന്നിവ സമിതി (2019-21), (2021-23) എന്നീ കാലയളവുകളിൽ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനങ്ങളിൽ സമിതി നടത്തിയ പരിശോധനകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

**കോവളം**

3. രാജ്യാന്തര തലത്തിൽ പ്രശസ്തമായ കോവളം ബീച്ചിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് വിദേശ സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ കുറവിന് കാരണം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ശുചിത്വമില്ലായ്മ, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം എന്നിവയാണെന്ന് സമിതി വിലയിരുത്തുകയും ഇക്കാര്യത്തിൽ സമഗ്രമായ നടപടികളുണ്ടാവണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

4. വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലുടനീളം അനുഭവപ്പെടുന്ന ഒന്നാണ് മാലിന്യ പ്രശ്നം. നിരത്തിലും പൊതുസ്ഥലങ്ങളിലും മറ്റും കാണപ്പെടുന്ന മാലിന്യത്തിന് വ്യാപാരസ്ഥാപനങ്ങളോടൊപ്പം പൊതുസമൂഹവും സഞ്ചാരികളും ഉത്തരവാദികളാണ്. ഈ ഖര-ദ്രവ്യ മാലിന്യങ്ങൾ പൊതുജനാരോഗ്യമേഖലയിൽ വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. കൊതുകുജന്യരോഗങ്ങൾ, തെരുവുനായ പ്രശ്നം, ദുർഗന്ധപൂരിതമായ അന്തരീക്ഷം, വായുമലിനീകരണം, പകർച്ചവ്യാധികൾ തുടങ്ങി മാലിന്യങ്ങൾ കുമിഞ്ഞുകൂടുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളെയും സഞ്ചാരികളെയും വ്യാപാരികളെയും തദ്ദേശീയരെയും ഒരുപോലെ ബാധിക്കുന്നു.

5. വിനോദസഞ്ചാര വകുപ്പ് ശുചിത്വവുമായി ബന്ധപ്പെട്ട് കോവളത്ത് മാലിന്യ നിർമാർജ്ജന പദ്ധതി, മാലിന്യ നിയന്ത്രണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര വകുപ്പ് ഗ്രാമപഞ്ചായത്തുമായി ചേർന്ന് 'ഇക്കോ പ്രിസർവ്' എന്ന എൻ.ജി.ഒ. മുഖാന്തരം കോവളം ഭാഗത്ത് മൂന്ന് ചതുരശ്ര കിലോമീറ്റർ പരിധിയിലുള്ള ഹോട്ടലുകളിൽ നിന്നും മാലിന്യ നിർമാർജ്ജനം ചെയ്യുന്നതോടൊപ്പം പ്രസ്തുത എൻ.ജി.ഒ. ഹൗസ് ബീച്ച്, ഹവ്വാ ബീച്ച്, സമുദ്രാ ബീച്ച് തുടങ്ങിയ പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ കൂടി നിർമാർജ്ജനം ചെയ്യുന്നു. കോവളം ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായതുകൊണ്ട് മാലിന്യ നിർമാർജ്ജനത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഈ എൻ.ജി.ഒ.-യ്ക്കാണ് നൽകിയിട്ടുള്ളത്. 'സീറോ വേയ്സ്റ്റ് കോവളം' പദ്ധതിയിലൂടെ പ്രാദേശികമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നത് കൂടി നടപ്പിലാക്കുന്നു. ബീച്ചിന്റെ ഒരു ഭാഗത്ത് എയ്റോബിനുകളും വീടുകളിലും ഹോട്ടലുകളിലും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ചുമതല പഞ്ചായത്തും വിനോദസഞ്ചാര വകുപ്പും സംയുക്തമായാണ് നിർവഹിക്കുന്നത്.

6. ശോചനീയാവസ്ഥയിലായിരുന്ന കോവളത്തെ ഫുട്പാത്തുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകളും സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളായി ഇരുപത് കോടി രൂപയുടെ സമഗ്ര വികസന പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചവയിൽ സമുദ്രാ ബീച്ച് മുതൽ ലൈറ്റ് ഹൗസ് വരെയുള്ള നിർമാണ പ്രവൃത്തികൾക്ക് കരാർ

നൽകിയിട്ടുണ്ടെന്നും സമുദ്രാ ബീച്ചിന്റെ വശങ്ങളിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും സീ റോക്ക്, ഗ്രോവ് ബീച്ച് എന്നിവിടങ്ങളിലെ നിർമാണ പ്രവൃത്തികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടുകയുണ്ടായി.

7. ഹവ്വാ ബീച്ചിലും ഗ്രോവ് ബീച്ചിലും സുരക്ഷയുടെ ഭാഗമായി കെട്ടിയിട്ടുള്ള മതിൽ പൊളിക്കണമെന്നും അവിടെ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നടപ്പാത നിർമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. ലോകത്തെ അറുപത്തിയഞ്ചോളം ബീച്ചുകളെ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷന് കേരളത്തിൽ നിന്നും കാപ്പാട് ബീച്ചിനെയാണ് കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുള്ളത്. പരിസ്ഥിതി സൗഹൃദപരവും ഭിന്നശേഷി സൗഹൃദപരവും സുരക്ഷാ സംവിധാനമുള്ളതുമായ ബീച്ചുകളെയാണ് ബ്ലൂ ഫ്ലാഗിന് വേണ്ടി പരിഗണിക്കുന്നത്. ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭിക്കുകയാണെങ്കിൽ വിനോദസഞ്ചാര വകുപ്പ് ഇതിനെക്കുറിച്ച് പഠിച്ചശേഷം മറ്റ് ബീച്ചുകളിലും ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

9. കോവളം ബീച്ചുകളിലെ സ്ഥലം കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും റവന്യൂ വകുപ്പിന് നിർദ്ദേശം നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.

10. കോവളം ബീച്ചിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പതിനാല് കോടി രൂപയുടെ കുടിവെള്ള പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിനും സാങ്കേതിക തടസ്സം പരിഹരിച്ച് മലിന ജല സംസ്കരണത്തിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

**ആലപ്പുഴ**

11. സംസ്ഥാനത്തെ കായലോര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുമരകം, ആലപ്പുഴ എന്നിവിടങ്ങളാണ് ഏറ്റവും കൂടുതൽ മാലിന്യ ഭീഷണി നേരിടുന്നത്. ഹൗസ് ബോട്ടുകളിൽ നിന്ന് പുറത്തുവരുന്ന മാലിന്യം ശുദ്ധീകരിക്കാനായി കുമരകത്തും ആലപ്പുഴയിലുമായി രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനായി വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കേരള ഹൗസ് ബോട്ട് അസോസിയേഷന്റെ നേതൃത്വത്തിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുകയും അവർക്ക് അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ സാധിക്കാത്തതിനാൽ ഡി.റ്റി.പി.സി. പ്രവർത്തന ചുമതല

ഏറ്റെടുക്കുകയും ചെയ്തു. 2015 മുതൽ പ്ലാന്റിന്റെ പ്രവർത്തനത്തിൽ അപാകത കണ്ടെത്തിയതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകുകയും പ്രവർത്തനം താൽക്കാലികമായി നിർത്തിവെയ്ക്കുകയും ചെയ്തു. നിലവിൽ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആയിരത്തോളം ബോട്ടുകൾ വർഷത്തിൽ മൂന്ന് തവണയെങ്കിലും മാലിന്യം പ്ലാന്റിൽ ഡിസ്ചാർജ്ജ് ചെയ്യണമെന്ന വ്യവസ്ഥയിലാണ് മലിനീകരണ നിയന്ത്രണ ബോർഡ് ബോട്ടുകൾക്ക് പ്രവർത്തനാനുമതി പുതുക്കി നൽകുന്നത്. എന്നാൽ ഹൗസ് ബോട്ടുകളിലെ മാലിന്യം ശരിയായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള യാതൊരുവിധ സംവിധാനവും ഇപ്പോഴുമില്ലെന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിലും പ്ലാന്റിന്റെ പ്രവർത്തനം മോശമായിരുന്നതിനാലും 2019-ൽ മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാന്റിന് ക്ലോഷർ ഓർഡർ നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും അതിന്മേൽ ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടിയ യോഗത്തിൽ 1500 ബോട്ടുകളിലും എല്ലാ ദിവസവും വിനോദസഞ്ചാരികളുണ്ടാകുമെന്ന കണക്കുകൂട്ടലിൽ പ്രതിദിനം രണ്ടര ലക്ഷം ലിറ്റർ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കണമെന്ന നിർദ്ദേശമുണ്ടായി. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യിലെ ഒരു കൺസൾട്ടന്റ് മുഖാന്തരം പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പഠനം നടത്തുകയും പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ ഭരണകൂടം ചീഫ് സെക്രട്ടറിയെ സമീപിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

12. ആലപ്പുഴയിൽ സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനമുണ്ടെങ്കിലും ആയത് പ്രവർത്തനക്ഷമമല്ലാത്തതിനാൽ മാലിന്യ സംസ്കരണത്തിന് കാര്യക്ഷമമായ ഒരു സംവിധാനം നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്നും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നടപ്പിലാക്കിയ നിലവിലെ പ്ലാന്റ് ചില സാങ്കേതിക കാരണങ്ങളാൽ പൂർണമായി പ്രവർത്തിയ്ക്കാത്തത് ശരിയായ നടപടിയല്ലെന്നും പുതിയ പ്ലാന്റിന്റെ നിർമാണ പ്രവൃത്തികൾ ആരംഭിച്ചുകൊണ്ടുതന്നെ നിലവിലുള്ള പ്ലാന്റിന്റെ നവീകരണ പ്രവൃത്തികൾക്കുള്ള നടപടി കൂടി സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്നും സമിതി വിലയിരുത്തുന്നു. <u>ആലപ്പുഴയിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ നിർമാർജ്ജനത്തിന് മതിയായ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് സർക്കാരിന്റെ കീഴിൽ പുതിയ പ്ലാന്റ് സ്ഥാപിക്കുകയോ നിലവിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

13. ആലപ്പുഴ ജില്ലയിലെ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ വ്യാപിപ്പിയ്ക്കേണ്ടതാണ്. മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം പല വിനോദസഞ്ചാര കേന്ദ്രങ്ങളും നേരിടുന്നുണ്ടെന്നും ഇതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും ഓരോ വിനോദസഞ്ചാര കേന്ദ്രവും മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആലപ്പുഴയിൽ പുന്നമടയിൽ മാത്രമാണ് ഡി.റ്റി.പി.സി.-ക്ക് ഹൗസ് ബോട്ടുകളിൽ നിന്നും ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശുചിമുറി മാലിന്യ സംസ്കരണത്തിനും സംവിധാനമുള്ളത്. ജില്ലയിലെ മറ്റ് ഭാഗത്ത് പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും സംവിധാനം അപര്യാപ്തമാണ്. ഇതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ 73 പഞ്ചായത്തുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നഗരസഭയുടെ പരിധിയിലുള്ള ബീച്ചിലും ഫിനിഷിംഗ് പോയിന്റിലും തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

15. ആലപ്പുഴ ഫിനിഷിംഗ് പോയിന്റിൽ ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നത് ഒരു പ്രൈവറ്റ് ഏജൻസി മുഖേനയാണ്. ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യം തരംതിരിക്കാതെ കരയിലേയ്ക്ക് കൊണ്ടുവരികയും ബോട്ടുകൾ അടുക്കുന്ന പ്രദേശങ്ങളിലെ കളക്ഷൻ സെന്ററുകളിൽ സ്ഥാപിച്ചിട്ടുള്ള കളക്ഷൻ കണ്ടെയ്നറുകൾ വഴി മാലിന്യം ശേഖരിക്കുകയും അവ ഈ ഏജൻസി തന്നെ തരംതിരിച്ച് സംസ്കരിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഡി.റ്റി.പി.സി. ഏർപ്പെടുത്തിയിട്ടുണ്ട്.

16. പ്ലാസ്റ്റിക്ക് വേസ്റ്റ് റീ സൈക്കിൾ ചെയ്യുന്നതിന് കായംകുളം മുനിസിപ്പാലിറ്റിക്ക് മൂന്ന് ഷ്രഡിംഗ് യൂണിറ്റുകളാണുള്ളത്. ഷ്രഡഡ് പ്ലാസ്റ്റിക്ക് കിലോഗ്രാമിന് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി വാങ്ങാമെന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് പ്ലാസ്റ്റിക് ശേഖരിച്ചിരുന്നത്. എന്നാൽ ക്ലീൻ കേരള കമ്പനി ഷ്രഡഡ് പ്ലാസ്റ്റിക്ക് ഏറ്റെടുക്കാത്തതിനാൽ ഇരുപത്തിയഞ്ച് ടണ്ണോളം ഷ്രഡഡ് വേസ്റ്റ് ഷ്രഡിംഗ് യൂണിറ്റുകളിൽ കെട്ടിക്കിടക്കുന്നു. ഇതിനാൽ പ്രസ്തുത യൂണിറ്റുകളെല്ലാം നിലവിൽ വലിയ പ്രതിസന്ധി നേരിടുന്നു. സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുകയാണെങ്കിൽ ഇത്തരത്തിൽ വേസ്റ്റ് കെട്ടിക്കിടക്കുന്നത് ഒഴിവാക്കുവാൻ സാധിക്കുമെന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സംസ്ഥാനത്താകെ 2768 ബോട്ടുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ ആലപ്പുഴയിൽ 774 ഹൗസ് ബോട്ടുകളും 234 ശിക്കാര വള്ളങ്ങളും 120 സ്പീഡ് ബോട്ടുകളും 396 മോട്ടോർ ബോട്ടുകളും 16 ബാർജ്ജുകളും 4 ജങ്കാറുകളും സർവീസ് നടത്തുന്നു. 27-6-2018-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ നിയമവിരുദ്ധമായി സർവ്വീസ് നടത്തുന്ന ബോട്ടുകളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി ബോട്ടുകളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ ആറ് മാസത്തെ സമയപരിധി നൽകുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനായി ആലപ്പുഴയിൽ നിന്നും ഏകദേശം 445 അപേക്ഷകളും കേരളത്തിലുടനീളം ഏകദേശം 800 അപേക്ഷകളുമാണ് ലഭിച്ചത്. 2011-നു ശേഷം ഉണ്ടായിട്ടുള്ള ബോട്ടുകളുടെ ക്രമാതീതമായ വർദ്ധനവും കായൽ മലിനീകരണവും മൂലം ആലപ്പുഴയിൽ പുതിയ ബോട്ടുകളുടെ രജിസ്ട്രേഷൻ അനുവദിച്ചിരുന്നില്ല. പകുതിയിലേറെ നിർമ്മാണം പൂർത്തിയാക്കിയ ബോട്ടുകൾക്ക് അനുമതി നൽകാനും അനുമതി ലഭിക്കാത്തവ ആലപ്പുഴയിൽ സർവീസ് നടത്തരുതെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതിൽ സർക്കാർ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച 14 പേർക്ക് അനുമതി നൽകുകയും ബാക്കിയുള്ള 34 പേർ നാളിതുവരെയും അനുമതിക്കായി ബോർഡിനെ സമീപിയ്ക്കാതെ നിയമവിരുദ്ധമായി സർവീസ് നടത്തുന്നുണ്ടെന്നും കേരള മാരിടൈം ബോർഡ് കണ്ടെത്തിയിരുന്നു. 2018-ൽ അനധികൃതമായി പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുടമകൾക്ക് ലൈസൻസ് എടുക്കുന്നതിന് ആറ് മാസത്തെ സമയം അനുവദിച്ചിരുന്നുവെങ്കിലും ചിലർ ലൈസൻസ് എടുക്കാതെ അനധികൃതമായി ഹൗസ് ബോട്ട് സർവീസ് നടത്തിവരുകയും പരിശോധനാവേളയിൽ ഇവരെ കണ്ടെത്തി പിഴ ഈടാക്കുന്നുണ്ടെങ്കിലും ഇത് ഫലപ്രദമല്ലാത്തതിനാൽ <u>ഈ മേഖലയിൽ ബോട്ട് ലൈസൻസ് പരിശോധന നടത്തുന്നതിന് കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തുറമുഖ വകുപ്പിന് കീഴിൽ ജില്ലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

18. നിലവിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിൽ 50% മാത്രമാണ് നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്. ലൈസൻസും മറ്റ് സംവിധാനങ്ങൾ ഒന്നുമില്ലാതെയും നിയമവിധേയമല്ലാതെയും പ്രവർത്തിക്കുന്ന ബോട്ടുകളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കേരള മാരിടൈം ബോർഡിന് പരിമിതമായ അധികാരം മാത്രമാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. <u>അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾ കണ്ടെത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡും തുറമുഖ വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി പരിശോധന നടത്തണമെന്നും കണ്ടെത്തുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കണമെന്നും ജില്ലാ ഭരണകൂടവുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു</u>.

19. മാലിന്യ നിർമ്മാർജ്ജനത്തിനായി വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ബയോ ടാങ്ക് സംവിധാനമാണ് നിലവിൽ ഹൗസ് ബോട്ടുകളിലുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ കോംപാക്റ്റ് ടൈപ്പ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഹൗസ് ബോട്ടുകളിൽ സ്ഥാപിക്കുകയാണെങ്കിൽ സ്വീവേജ് കളക്ഷൻ തന്നെ ഒഴിവാക്കാൻ സാധിക്കുമെന്നും ഇതിൽ നിന്നും പുറത്തേയ്ക്കുപോകുന്ന എഫ്ലുവന്റ് ശേഖരിച്ച് ടെസ്റ്റ് ചെയ്യുന്ന ലാബ് സംവിധാനം കൂടി ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നുമുള്ള കേരള മാരിടൈം ബോർഡിന്റെ അഭിപ്രായം സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഈ സംവിധാനം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. വേമ്പനാട് കായലുമായി ബന്ധപ്പെട്ട കായൽ ടൂറിസം, മാരാരി ബീച്ച് മുതൽ ആലപ്പുഴ ബീച്ച് വരെയുള്ള ബീച്ച് ടൂറിസം, കുട്ടനാടൻ ഫാം ടൂറിസം, എന്നിങ്ങനെ ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാരമേഖലയെ മൂന്ന് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ട് മാരാരിക്കുളം മേഖലകളിലുള്ള റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവിടങ്ങളിൽ ബോധവത്കരണത്തിലൂടെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായ തോതിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക് കുപ്പികൾ പൂർണ്ണമായി ഒഴിവാക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യം വേമ്പനാട് കായൽ വിനോദസഞ്ചാരമേഖലയിലും നിലനിൽക്കുന്നുണ്ട്. നിരന്തരമായ ബോധവത്കരണത്തിലൂടെ ഹൗസ് ബോട്ടുകളിൽ ഡിസ്പോസബിൾ പാത്രങ്ങൾ, കുപ്പികൾ തുടങ്ങിയ സാധനങ്ങൾ പൂർണ്ണമായി നിരോധിക്കാൻ സാധിച്ചിട്ടുണ്ട്. ഹോം സ്റ്റേ, റിസോർട്ട് എന്നിവയ്ക്ക് ക്ലാസിഫിക്കേഷനുകൾ നൽകുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അതിനുവേണ്ടി ഇടയ്ക്കിടക്ക് വിനോദസഞ്ചാര വകുപ്പിന് കീഴിൽ പരിശോധനകളും ബോധവത്കരണ പരിപാടികളും നടത്തുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

21. ഹോട്ടലുകളിൽ നിലവിലുള്ള ത്രീ സ്റ്റാർ, ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷൻ ഹൗസ് ബോട്ടുകളിലും കൊണ്ടുവരാൻ വിനോദസഞ്ചാര വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്നും ബയോ ടോയ്‌ലെറ്റിന്റെയും സ്വകാര്യ ബയോഗ്യാസ് പ്ലാന്റിന്റെയും അടിസ്ഥാനത്തിൽ ഗോൾഡ്, ഡയമണ്ട് എന്നീ ക്ലാസിഫിക്കേഷനുകളാണ് നൽകുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. എല്ലാ ഹൗസ് ബോട്ടുകളും ക്ലാസിഫൈ ചെയ്യണമെന്നും അത് പ്രകാരമുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. ആലപ്പുഴ ബീച്ച് ടൂറിസം കേന്ദ്രങ്ങളിലെ നിയമപരമല്ലാത്ത ബോട്ട് സർവ്വീസുകൾ നിർത്തലാക്കണമെന്നും നിയമപരമായ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പോർട്ട് അതോറിറ്റിയും ഡി.റ്റി.പി.സി.-യും പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**അതിരപ്പിള്ളി.**

23. തൃശ്ശൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തിക്കൊണ്ട് ഒരു മിനി എം.സി.എഫ്. (Material Collection Facility) രൂപപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഇവിടെ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേന കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങളിലേയ്ക്ക് ഫുഡ് വേസ്റ്റ് അടക്കമുള്ള ജൈവമാലിന്യങ്ങൾ എത്തിക്കുന്നു. പ്ലാസ്റ്റിക് ബോട്ടിലുകൾ, കവർ, പ്ലേറ്റ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഇവയിൽ റീസൈക്കിൾ ചെയ്യാൻ സാധിക്കുന്നവ റീസൈക്ലിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുകയും ഇവയ്ക്ക് നല്ല വില ലഭിക്കുന്നതിനാൽ കേരളത്തിന് പുറത്തേയ്ക്ക് കയറ്റിയയ്ക്കുകയും ചെയ്യുന്നു. ആയതിനാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും നടപ്പാക്കുക വഴി മാലിന്യ നിർമാർജനത്തോടൊപ്പം വരുമാനദായകവുമാക്കുവാൻ സാധിക്കുമെന്നതിനാൽ ആയത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. തൃശ്ശൂർ ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവടങ്ങളിൽ നിന്നും മാലിന്യങ്ങൾ നേരിട്ട് പുഴയിലേയ്ക്കൊഴുക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാലിന്യങ്ങൾ നേരിട്ട് പുഴയിലൊഴുക്കുന്ന രീതി പരിപൂർണ്ണമായി അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. തൃശ്ശൂർ ജില്ലയിലെ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും ഡീസെൻട്രലൈസ്ഡ് വേസ്റ്റ് മാനേജ്മെന്റ് സാദ്ധ്യമാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ 2018-ലെ സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ ആരംഭിച്ചിരുന്നുവെന്നും ഇതിന്റെ ഡി.പി.ആർ.-ഉം ആക്ഷൻ പ്ലാനും തയ്യാറാക്കിക്കഴിഞ്ഞുവെന്നും ചുരുങ്ങിയ കാലയളവിൽ എല്ലാ ഷ്രഡിംഗ് യൂണിറ്റുകളും പ്രവർത്തന സജ്ജമാക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ ഉറപ്പ് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കേരളത്തിൽ ആറ് മാസം മഴക്കാലമായതുകൊണ്ട് വേസ്റ്റ് തരംതിരിക്കുന്നതിനും ഉണക്കിയെടുക്കുന്നതിനും സംസ്കരണത്തിനും പ്രയാസം അനുഭവപ്പെടുന്നതിനാൽ കേരളത്തിന്റെ പരിസ്ഥിതിക്ക് ഡീസെൻട്രലൈസ്ഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ജില്ലയിൽ ഡീസെൻട്രലൈസ്ഡ് പ്ലാന്റുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിനും എല്ലാ ഷ്രഡിംഗ് യൂണിറ്റുകളും പ്രവർത്തനസജ്ജമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. അതിരപ്പിള്ളി വിനോദസഞ്ചാര മേഖലയിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വന സംരക്ഷണ സമിതി (വി.എസ്.എസ്.)യുടെ നേതൃത്വത്തിലാണ്. തുമ്പൂർ ഗാർഡൻ, ബട്ടർ ഫ്ലൈ പാർക്ക് എന്നീ

മേഖലകൾ ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ പദ്ധതിയുടെ ഭാഗമായി അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെ തദ്ദേശീയരായ ആളുകളെ വാച്ചർമാരായി നിയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അതിരപ്പിള്ളിയിൽ പ്രവർത്തിക്കുന്ന സെഗ്രിഗേഷൻ യൂണിറ്റിൽ എത്തിച്ച് അവ കഴുകി വൃത്തിയാക്കിയ ശേഷം പ്രത്യേകം തരംതിരിച്ച് എല്ലാ വർഷവും ലേലം ചെയ്യുന്നു. അതിലൂടെ വന സംരക്ഷണ സമിതിയ്ക്ക് വരുമാനം ലഭിക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. വാഴച്ചാൽ ചെക്ക് പോസ്റ്റിലും മലക്കപ്പാറയിലെ ചെക്ക്പോസ്റ്റിലും 'റിവേഴ്സ് സ്ലിപ്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം വഴി വാഴച്ചാൽ ചെക്ക് പോസ്റ്റിൽ വിനോദസഞ്ചാരികൾ വാഹനങ്ങൾ പാർക്ക് ചെയ്യുമ്പോൾത്തന്നെ വന സംരക്ഷണ സമിതി (വി.എസ്.എസ്.)-യുടെ പ്രവർത്തകർ യാത്രക്കാരുടെ കൈയിലുള്ള പ്ലാസ്റ്റിക് സാധനങ്ങൾ ലിസ്റ്റ്ഔട്ട് ചെയ്തതിനുശേഷം സ്ലിപ്പിന്റെ പകർപ്പ് അവർക്ക് നൽകി ഒപ്പ് ശേഖരിക്കുകയും മലക്കപ്പാറയിലെ ചെക്ക്പോസ്റ്റിൽ ഇത് വീണ്ടും പരിശോധിച്ച് വനപ്രദേശത്ത് പ്ലാസ്റ്റിക് ഉപേക്ഷിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ക്ലീനിംഗ് ചാർജ്ജ് ഇനത്തിൽ ഫൈൻ ഈടാക്കുകയും ചെയ്തുവരുന്നു. വിനോദസഞ്ചാരികൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക് സാധനങ്ങളിൽ പത്ത് രൂപ ഈടാക്കി സ്റ്റിക്കർ ഒട്ടിക്കുകയും ഇവർ തിരിച്ചുവരുമ്പോൾ സ്റ്റിക്കറുള്ള സാധനം എല്ലാം ഉണ്ടെന്ന് ഉറപ്പാക്കി പത്ത് രൂപ മടക്കി നൽകുകയും ചെയ്യുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് മലക്കപ്പാറയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ചാലക്കുടി ഏരിയയിൽ പരിയാരം കഴിഞ്ഞ് മുകളിലേയ്ക്കുള്ള ഭാഗങ്ങളിലെ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെന്നും ഡയപ്പർ തുടങ്ങിയവ അതിരപ്പിള്ളിയിൽ സ്ഥാപിച്ച ഇൻസിനറേറ്ററിൽ കത്തിച്ചുകളയുകയും ചെയ്യുന്നു. ഈ മേഖലയിൽ വെർമി കമ്പോസ്റ്റ് സംവിധാനം സ്ഥാപിക്കുന്നതോടെ ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു.

27. കെട്ടിട നികുതിയും തൊഴിൽ നികുതിയും ലൈസൻസുമല്ലാതെ മറ്റ് വരുമാന സ്രോതസ്സുകൾ ഒന്നുമില്ലാത്തതിനാൽ വളരെ തുച്ഛമായ തനത് ഫണ്ട് മാത്രമാണ് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിനുള്ളത്. വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോ വഴിയോരങ്ങളിലും മറ്റും വിനോദസഞ്ചാരികൾ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ പഞ്ചായത്തിന് കഴിയാത്ത സാഹചര്യമാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു.

28. കേരളത്തിലെവിടെയും വി.എസ്.എസ്. പിരിക്കുന്ന തുക പഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന സംവിധാനമില്ലെന്നും ആയത് പരിഹരിക്കപ്പെടേണ്ടതാണെന്നും വിലയിരുത്തിയ

സമിതി ഇക്കാര്യത്തിൽ വനം വകുപ്പും പഞ്ചായത്തും ഒരുമിച്ച് ഒരു തീരുമാനമുണ്ടാക്കിയാൽ മാത്രമേ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ എന്നും സമിതി നിരീക്ഷിച്ചു.

29. 2020 ജനുവരി 1 മുതൽ നടപ്പിലാക്കിയ പ്ലാസ്റ്റിക്ക് നിരോധനം കൂടുതൽ ഫലവത്തായി നടപ്പിലാക്കുന്നതിന് കൃത്യമായ പരിശോധന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിസ്ഥിതി ലോല പ്രദേശമായതിനാലും വന്യമൃഗങ്ങളുടെ സാന്നിധ്യമുള്ളതിനാലും പുനരുപയോഗിക്കാനാകാത്ത പ്ലാസ്റ്റിക്ക് കവറുകൾ, കുപ്പികൾ, പേപ്പർ പ്ലേറ്റുകൾ, പേപ്പർ ഗ്ലാസ്സുകൾ എന്നിവ വിനോദസഞ്ചാരികൾക്കും പഞ്ചായത്തിലെ നിവാസികൾക്കും വനമേഖലയിലെ മൃഗങ്ങൾക്കും ഒരുപോലെ ദോഷകരമായതിനാലും പരിശോധനയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന ഹൈവേ 21-ൽ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. അതിരപ്പിള്ളി പഞ്ചായത്തിന് തനത് ഫണ്ട് വളരെ കുറവാണെന്നും മാർച്ച് മാസത്തിൽ ഗ്യാപ് ഫില്ലിംഗ് ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നതെന്നും പഞ്ചായത്തിന്റെ മറ്റൊരു വരുമാനമാർഗ്ഗമായ സിൽവർ സ്റ്റോം വാട്ടർ തീം പാർക്കിൽ നിന്നും ലഭ്യമായിരുന്ന വിനോദ നികുതി ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി ലഭ്യമല്ലാത്ത സാഹചര്യമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ വന സംരക്ഷണ സമിതിക്കും ഡി.റ്റി.പി.സി.-ക്കും ലഭ്യമാകുന്ന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിന് വിനോദ നികുതിയായോ മറ്റേതെങ്കിലും രീതിയിലോ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. അതിരപ്പിള്ളിയിൽ ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾ ഓരോ വർഷവും വരുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇവിടെ വാഹനങ്ങക്ക് പാർക്കിംഗ് സൗകര്യം പരിമിതമാണെന്നും ആയത് പരിഹരിക്കപ്പെടേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ടോയ്‌ലെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തതയാണ് വിനോദസഞ്ചാരികൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. ഈ പ്രദേശങ്ങളിലും ആധുനിക സംവിധാനത്തോടുകൂടിയ ടോയ്‌ലെറ്റ് സംവിധാനം അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

32. അതിരപ്പിള്ളി വനമേഖലയിൽ തെരഞ്ഞെടുത്ത 24 സ്ഥലങ്ങളിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനാവശ്യമായ രണ്ട് സെന്റ് സ്ഥലവും ജലസ്രോതസ്സിനുള്ള ഉറവിടവും വനം വകുപ്പ് ലഭ്യമാക്കുവാനും ടോയ്‌ലെറ്റുകളുടെ നിർമ്മാണപ്രവർത്തനം വനം വകുപ്പിനെക്കൂടി പങ്കാളിയാക്കിക്കൊണ്ട് പൂർത്തിയാക്കുവാൻ വിനോദസഞ്ചാര വകുപ്പ് നടപടി സ്വീകരിക്കുവാനും ടോയ്‌ലെറ്റുകളുടെ ചുമതല വി.എസ്.എസ്. മുഖേന വനം വകുപ്പ് നിർവ്വഹിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

**വയനാട്**

33. വയനാട് ജില്ലയിൽ ഇരുപത്തിനാല് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളാണുള്ളത്. ഇതിൽ പന്ത്രണ്ട് എണ്ണം ഡി.ടി.പി.സി. നേരിട്ടും ഏഴെണ്ണം വനം വകുപ്പിന്റെയും മൂന്നെണ്ണം പുരാവസ്തു വകുപ്പിന്റെയും ഒരെണ്ണം കെ.എസ്.ഇ.ബി.യുടെയും ഒന്ന് ജലവിഭവ വകുപ്പിന്റെയും നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ വിനോദസഞ്ചാര വകുപ്പും കുടുംബശ്രീയും ചേർന്ന് നടത്തുന്ന ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയുടെ ഭാഗമായി അൻപത്തിരണ്ട് ജീവനക്കാർ പന്ത്രണ്ട് ഡി.ടി.പി.സി. കേന്ദ്രങ്ങളിലായി ജോലി ചെയ്തുവരുന്നു. ഇവിടുത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കാൻ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യങ്ങൾ നേരിട്ട് ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് ചെയ്തിട്ടുണ്ട്. കുറുവ ദ്വീപിൽ നടപ്പിലാക്കി വരുന്ന പ്ലാസ്റ്റിക് കുപ്പിയിൽ സ്റ്റിക്കർ പതിപ്പിക്കുന്ന രീതി മറ്റു കേന്ദ്രങ്ങളിലും പ്രാവർത്തികമാക്കി വരികയാണ്. ജൈവ മാലിന്യങ്ങളുടെ സംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രീൻ കാർപ്പറ്റ് പദ്ധതി മുഖേന തുമ്പൂർമുഴി മോഡലിലുള്ള പ്രോജക്ടുകൾ ആറ് ഡെസ്റ്റിനേഷനുകളിൽ വിനോദസഞ്ചാര വകുപ്പ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിൽ ശുചിത്വ മിഷന്റെ ഫണ്ട് ഉപയോഗിച്ച് മൂന്ന് പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തിയാക്കിയതായും മറ്റ് മൂന്ന് പ്രോജക്ടുകളുടെ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു.

34. വയനാട് ജില്ലയിൽ വിനോദസഞ്ചാര മേഖലയിലെ ഹോം സ്റ്റേകളിൽ ജനറേറ്റർ എൻക്ലോഷറുമായും ടോയ്‌ലെറ്റ് ടാങ്കുകളുമായും ബന്ധപ്പെട്ട് രണ്ട് തരത്തിലുള്ള മാലിന്യ പ്രശ്നങ്ങൾ ഉണ്ടെന്നും സാധാരണ ഹോം സ്റ്റേകൾ അനുവദിക്കുന്നത് ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നീ മൂന്ന് കാറ്റഗറികളിലാണെന്നും സമിതി മനസ്സിലാക്കുന്നു. പുതിയ ഉത്തരവ് പ്രകാരം പ്രസ്തുത പരിശോധന നടത്തിയ ശേഷമാണ് ഇവയ്ക്ക് അംഗീകാരം നൽകുന്നതെന്നും ഇപ്രകാരമുള്ള പരിശോധന പീരിയോഡിക്കലായി നടത്താറുണ്ടെന്നും സമിതി കണ്ടെത്തുകയുണ്ടായി.

35. <u>വയനാട്ടിലെ സ്വകാര്യ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സമിതി നിർദ്ദേശം നൽകി.</u>

36. കുറുവ ഐലന്റ്, സൂചിപ്പാറ, ചെമ്പ്ര പീക്ക് എന്നിവയാണ് സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള മൂന്ന് ഇക്കോ ടൂറിസം പദ്ധതികൾ. പ്രസ്തുത പ്രദേശങ്ങളിൽ പ്രധാനമായി വരുന്ന അജൈവ മാലിന്യമായ പ്ലാസ്റ്റിക്കുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ ശേഖരിക്കുന്നു. സൂചിപ്പാറയിലെയും ചെമ്പ്ര പീക്കിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് കുടുംബശ്രീക്ക് നൽകുകയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ

കുറച്ചുകാലമായി സൂചിപ്പാറയിൽ നിന്നുള്ള മാലിന്യങ്ങൾ മേപ്പാടി ഗ്രാമപഞ്ചായത്ത് ശേഖരിക്കുന്നില്ലെന്നും ഇപ്പോൾ മാലിന്യങ്ങൾ ശേഖരിക്കുന്നത് സ്വകാര്യവ്യക്തികളാണെന്നും സമിതി മനസ്സിലാക്കുന്നു. സൂചിപ്പാറയിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിത കർമ്മസേനയ്ക്ക് കൃത്യമായ യൂസർഫീ നൽകാത്തതും മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നത് സംബന്ധിച്ചും വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പഞ്ചായത്തുകളുമായി എഗ്രിമെന്റ് വയ്ക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തത് ഒരു പോരായ്മയാണെന്ന് മനസ്സിലാക്കിയ സമിതി പഞ്ചായത്തും വിനോദസഞ്ചാര കേന്ദ്രങ്ങളുമായി നേരിട്ട് എഗ്രിമെന്റ് ചെയ്യാനുള്ള വ്യവസ്ഥകൾ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

37. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ക്ലീൻ കേരള കമ്പനിയുമായുള്ള കരാർ പ്രകാരം വേർതിരിച്ചെടുക്കുന്ന പ്ലാസ്റ്റിക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹരിത കർമ്മസേന വഴി പ്രസ്തുത കമ്പനിക്ക് നൽകുന്നു. ഓരോ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ യൂസർ ഫീയായി ഹരിത കർമ്മ സേനയ്ക്ക് 100 രൂപയാണ് ലഭിക്കുന്നത്. പ്രസ്തുത യൂസർ ഫീ കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. 2017-ൽ ആരംഭിച്ച കാരാപ്പുഴ വിനോദസഞ്ചാര കേന്ദ്രത്തിലെ മാലിന്യ സംസ്കരണം മുട്ടിൽ പഞ്ചായത്തിന്റെ ചുമതലയിലാണ്. എന്നാൽ ചില കാരണങ്ങളാൽ മാലിന്യ സംസ്കരണം അവിടെ നടക്കുന്നില്ല. ഇക്കാര്യത്തിൽ ഹരിത കർമ്മസേനയുടെ സേവന-വേതന-വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ ഉറപ്പ് സമിതി അംഗീകരിക്കുകയും സത്വര നടപടി സ്വീകരിക്കാൻ മുട്ടിൽ പഞ്ചായത്തിനോടും കാരാപ്പുഴ എഞ്ചിനീയറിംഗ് വിഭാഗത്തോടും സമിതി ആവശ്യപ്പെടുകയും ചെയ്യുന്നു.

39. വയനാട് ജില്ലയിൽ ഓരോ വകുപ്പും അവരവരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ പരിപാലനം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പാക്കി ജില്ലയൊട്ടാകെ ഹരിത കർമ്മസേനയുടെ നെറ്റ്‌വർക്കിംഗ് സംവിധാനം വ്യാപിപ്പിക്കണമെന്നും മാലിന്യ നിർമ്മാർജ്ജനം ലോക്കൽ ബോഡിയുടെ പ്രധാനപ്പെട്ട ചുമതലയായതിനാൽ ലോക്കൽ ബോഡികൾ അതിന് നേതൃത്വം നൽകുകയും ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓരോ ടൂറിസ്റ്റ് ഡെസ്റ്റിനേഷന്റെയും ചുമതലയുള്ള വകുപ്പുകൾ, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, ഓരോ ഡെസ്റ്റിനേഷനിൽ ഉൾപ്പെടുന്ന പഞ്ചായത്തിന്റെ സെക്രട്ടറി, പ്രസിഡന്റ്, ഉത്തരവാദപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന ഒരു സംവിധാനമുണ്ടാക്കി മാലിന്യനിർമ്മാർജ്ജന പ്രവർത്തനം ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

40. വയനാട് ജില്ലയിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ ഓരോ പഞ്ചായത്തിന് കീഴിലും സ്ഥലം ലഭ്യമാക്കിയാൽ അവിടെ ടോയ്‌ലെറ്റ് നിർമ്മിച്ചുനൽകാമെന്ന് ശുചിത്വമിഷൻ അറിയിച്ചിട്ടുള്ള കാര്യവും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. എടക്കൽ ഗുഹയുടെ ചുവട്ടിൽ പുതിയ കൺസ്ട്രക്ഷൻ പാടില്ല എന്നതുകൊണ്ട് അവിടെ ടോയ്‌ലെറ്റ് നിർമ്മിക്കാൻ സാധിക്കുന്നതല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ആർക്കിയോളജി വകുപ്പിന്റെ അനുവാദം ലഭിച്ചാൽ രണ്ട് നിലകളിലായി ടോയ്‌ലെറ്റ് നിർമ്മിക്കാമെന്ന് ശുചിത്വമിഷൻ ഉറപ്പ് നൽകിയിട്ടുണ്ട്. ശുചിമുറികളില്ലാത്ത ഡെസ്റ്റിനേഷനുകളിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിലൂടെ ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യം ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉറപ്പുവരുത്താൻ ശുചിത്വമിഷൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

41. വയനാട്ടിൽ അഞ്ചിടങ്ങളിൽ താൽക്കാലിക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും (എം.സി.എഫ്.) ബാക്കിയെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ഥിരം എം.സി.എഫ്-ഉം ഉള്ളതുകൊണ്ട് ശേഖരിക്കുന്ന മാലിന്യം സൂക്ഷിച്ചുവയ്ക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നില്ല. ക്ലീൻ കേരള കമ്പനിക്ക് വയനാട്ടിൽ ഗോഡൗൺ ഉള്ളതിനാൽ മാലിന്യം ശേഖരിച്ച് കൈമാറുന്നത് സംബന്ധിച്ച് പഞ്ചായത്തും വിനോദസഞ്ചാര കേന്ദ്രങ്ങളും തമ്മിൽ ചർച്ച നടത്തി പരിഹാരം കാണണമെന്ന് സമിതി ആവശ്യപ്പെടുന്നു.

42. വയനാട് ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വാഹനങ്ങൾ പ്രവേശിക്കുന്നിടത്ത് നിയന്ത്രിത എൻട്രി സംവിധാനം ഏർപ്പെടുത്തണമെന്നും വഴിയരികിൽ എവിടെയിരുന്ന് ഭക്ഷണം കഴിക്കണം, വേസ്റ്റ് എവിടെ നിക്ഷേപിക്കണം എന്നിവയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിനോദസഞ്ചാര വകുപ്പും ഡി.ടി.പി.സി.യും ചേർന്ന് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും മാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുമായി എഗ്രിമെന്റ് വയ്ക്കാത്ത വിനോദസഞ്ചാര കേന്ദ്രങ്ങൾ അതിനുവേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പാർക്കിംഗ് ഏരിയകൾ ഡി.ടി.പി.സി. ഡീമാർക്കേറ്റ് ചെയ്തുകൊടുക്കണമെന്നും അല്ലാത്തയിടങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന മുന്നറിയിപ്പുകൾ നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

43. ഭക്ഷണമാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് നിരീക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും പോലീസിന്റെ സഹായത്തോടെ അനധികൃത പാർക്കിംഗിനെതിരെയും പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന മുന്നറിയിപ്പുകൾ നൽകണമെന്നും വാഹനങ്ങൾ പാർക്ക് ചെയ്യാൻ മതിയായ സൗകര്യം ഏർപ്പെടുത്തണമെന്നും അതിനുവേണ്ടി ഒരു നിശ്ചിത തുക പാർക്കിംഗ് ഫീസിനത്തിൽ ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

44. സമിതി, ബാണാസുര സാഗർ അണക്കെട്ട്, ചീങ്ങേരി മല, എടയ്ക്കൽ ഗുഹ, കുറുവ ദ്വീപ് എന്നിവ സന്ദർശിക്കുകയും ഇവിടങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

45. എടയ്ക്കൽ ഗുഹയിൽ 1920 പേർക്കാണ് പ്രതിദിനം പ്രവേശനം അനുവദിച്ചിട്ടുള്ളത്. കുപ്പിവെള്ളവും ഭക്ഷണവും അനുവദിക്കാത്തതുകൊണ്ട് ജൈവ മാലിന്യങ്ങൾ അവിടെയുണ്ടാകുന്നില്ല. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പഞ്ചായത്തുകളിലെ ഹരിത കർമ്മസേന ശേഖരിക്കുന്നുണ്ടെന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും അത്തരത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

46. എടയ്ക്കൽ ഗുഹയുടെ സവിശേഷതകൾക്ക് ടൂറിസം മാപ്പിൽ വേണ്ടത്ര പ്രാധാന്യം നൽകേണ്ടതാണ്. ഇതിന്റെ പുരാവസ്തുപരമായ പ്രാധാന്യം ലോകത്തിനുമുന്നിൽ വേണ്ടരീതിയിൽ വിനിമയം ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുകയും എടയ്ക്കൽ ഗുഹയെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭിപ്രായപ്പെടുന്നു. എടയ്ക്കൽ ഗുഹയുമായി ബന്ധപ്പെട്ട് മാലിന്യ നിയന്ത്രണത്തിനായി താഴെ പറയുന്ന കാര്യങ്ങൾ സമിതി ശിപാർശ ചെയ്യുന്നു.

1. എടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലയിൽ നിരവധിയാളുകൾ അമ്പുകുത്തി-19, ഗോവിന്ദമൂല, പൊൻമുടിക്കോട്ട തുടങ്ങിയ വഴികളിലൂടെ അമ്പുകുത്തി മലയിലേക്ക് ട്രക്കിംഗ് നടത്തുന്നതായും മലമുകളിൽ ടെന്റ് കെട്ടി ക്യാമ്പ് ചെയ്യുന്നതായും മനസ്സിലാക്കുന്നു. ആയത് മലമുകളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതിന് കാരണമാകുന്നു. ട്രക്കിംഗ് നിരോധനം നടപ്പാക്കുന്നതിനോ അല്ലാത്ത പക്ഷം നിയന്ത്രിത ട്രക്കിംഗ് അനുവദിച്ചോ നിലവിലെ അവസ്ഥ പരിഹരിക്കേണ്ടതാണ്.
2. കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക്ക്-ജൈവ മാലിന്യങ്ങൾ വലിച്ചെറിയുന്നത് സമീപമുള്ള പറമ്പുകളിലും റോഡരികിലുമാണ്. ആയത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. സന്ദർശകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഡി.ടി.പി.സി. / പഞ്ചായത്ത്/ ഡി.എം.സി. മതിയായ പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

47. ഹരിത കേരളം മിഷൻ ടൂറിസം സൊസൈറ്റിയെയും പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചതിലൂടെ ബാണാസുര സാഗർ ഡാമിലെ മാലിന്യസംസ്കരണം ഭംഗിയായി നടത്താൻ കഴിയുന്നുണ്ട്. ബാണാസുര സാഗർ അണക്കെട്ടിന്റെ പരിസര പ്രദേശങ്ങളിൽ നിന്നും ടൂറിസം സൊസൈറ്റിയുടെ ജീവനക്കാർ തരംതിരിക്കുന്ന അജൈവ മാലിന്യങ്ങൾ

ഓരോ പതിനഞ്ച് ദിവസം കൂടുമ്പോഴും ഹരിത കർമ്മസേന ശേഖരിക്കുകയും അതിന് യൂസർഫീയായി 250 രൂപ ഹരിത കർമ്മസേനയ്ക്ക് നൽകുകയും ചെയ്യുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. കരളാട് തടാകം, മാവിലാംതോട് ഉൾപ്പെടെ ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള ജില്ലയിലെ മുഴുവൻ ടൂറിസം കേന്ദ്രങ്ങളിലും പ്രസ്തുത രീതി പിന്തുടരുന്നതുപോലെ വനം വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഈ രീതി പിൻതുടരണമെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ബാണാസുര സാഗർ അണക്കെട്ടിന്റെ ശുചിത്വത്തിനും മാലിന്യ നിയന്ത്രണത്തിനുമായി താഴെ പറയുന്ന കാര്യങ്ങൾ സമിതി ശിപാർശ ചെയ്യുന്നു.

1. ഡാമിലേക്കുള്ള സഞ്ചാരികളുടെ തിരക്ക് കൂടുന്നതിനനുസരിച്ച് ഖര, ജൈവ മാലിന്യങ്ങൾ കൂടാനുള്ള സാദ്ധ്യത ഉള്ളതിനാൽ പ്രദേശത്തെ പ്ലാസ്റ്റിക്ക് ഫ്രീ സോണാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച് താമസംവിനാ സ്വീകരിക്കേണ്ടതാണ്.

2. സഞ്ചാരികളിലൂടെ ഇവിടെ എത്തുന്ന ഖര മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യാനാവശ്യമായ സംവിധാനം നിലവിൽ ടൂറിസം സെന്ററിലോ പഞ്ചായത്തിലോ ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന് ആവശ്യമായ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കേണ്ടതാണ്.

3. വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്ന അറിയിപ്പ് ബോർഡുകളുടെ അപര്യാപ്തത പ്രദേശത്ത് മാലിന്യം കൂടുന്നതിന് കാരണമാകുന്നതിനാൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. 90 കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചു കിടക്കുന്ന ഡാം പ്രദേശത്തെ മാലിന്യമുക്തമാക്കി സംരക്ഷിച്ചു നിർത്താൻ മറ്റ് വകുപ്പുകളുമായുള്ള ഏകോപനം സാധ്യമാക്കേണ്ടതാണ്.

5. പ്രദേശത്തെ വേസ്റ്റ് മാനേജ്മെന്റ്, ഖര മാലിന്യ സംസ്കരണം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം സഞ്ചാരികൾക്കും പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്.

6. പ്രദേശത്തെ ഖര മാലിന്യങ്ങളുടെ കാര്യത്തിൽ റീസൈക്ലിംഗ് യൂണിറ്റ് നിലവിലില്ലാത്തതിനാൽ ഖര മാലിന്യങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുകയും റീസൈക്ലിംഗ് റീ യൂസ് എന്നതിന് പ്രാധാന്യം നൽകുകയും ചെയ്യുന്നതിന്ആവശ്യമായ സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്.

7. ഡാമിന്റെ പ്രവേശനകവാടത്തിൽ നാല് ടോയ്‌ലറ്റ് ബ്ലോക്കുകളാണ് നിലവിലുള്ളത്. സഞ്ചാരികളുടെ തിരക്ക് കൂടുമ്പോൾ ഇത് മതിയാകാതെ വരുന്നു. ടോയ്‌ലറ്റ് ബ്ലോക്കുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

8. നിലവിൽ സഞ്ചാരികൾ കൊണ്ടുവരുന്ന ഭക്ഷണം മരച്ചുവട്ടുകളിൽ ഇരുന്ന് കഴിക്കുന്നതും ശേഷിക്കുന്നത് അവിടെത്തന്നെ നിക്ഷേപിച്ച് പോകുന്നതും മാലിന്യങ്ങൾ കൂടാൻ കാരണമാകുന്നു. സഞ്ചാരികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനും വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിനും പര്യാപ്തമായ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

9. ഡാം പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ഹോം സ്റ്റേകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമില്ലാത്തതിനാൽ ഹോം സ്റ്റേകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഡാം സേഫ്റ്റി വിങ്ങിന്റെ എൻ.ഒ.സി. കൂടി വേണമെന്ന നിബന്ധന ബാധകമാക്കേണ്ടതാണ്.

**മൂന്നാർ**

48. 52 ഗ്രാമപഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും വനമേഖലകളും ധാരാളം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുമുള്ള പ്രദേശമാണ് ഇടുക്കി ജില്ല. വിനോദസഞ്ചാരികൾ ഉണ്ടാക്കുന്ന മാലിന്യ പ്രശ്നങ്ങൾ വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്ന പ്രദേശമാണ് മൂന്നാർ. ഇതുമാത്രമല്ല മൂന്നാറിലെ ഭൂരിഭാഗം സ്ഥലവും കണ്ണൻ ദേവൻ ഹിൽസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ കീഴിലായതിനാൽ മാലിന്യ സംസ്കരണത്തിന് സ്ഥലപരിമിതികളും നേരിടുന്നു. കണ്ണൻ ദേവൻ ഹിൽസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ നിന്നും സ്ഥലം ലീസിന് ലഭിച്ചാൽ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. കോവിഡിന് ശേഷം മാലിന്യ പ്രശ്നങ്ങൾ രൂക്ഷമായതിനെത്തുടർന്ന് മൂന്നാറിലേയ്ക്കെത്തുന്ന വിനോദസഞ്ചാരികളെ ചെക്ക് പോസ്റ്റിൽ വച്ച് തന്നെ പരിശോധിച്ച് പ്ലാസ്റ്റിക്ക്, ജൈവ മാലിന്യം കണ്ടെത്തുന്നപക്ഷം അവ ശേഖരിക്കുന്നതിന് സംവിധാനം നടപ്പിലാക്കുന്നതായും ഇതിനായി എല്ലാ പഞ്ചായത്തുകളിലും ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ടെന്നും മാലിന്യങ്ങളുടെ ഉറവിടം തിരിച്ചറിഞ്ഞ് അവ പ്രത്യേകമായി ശേഖരിക്കുന്നതിനും മൂന്നാർ മാർക്കറ്റ്, കോളനികൾ എന്നിവിടങ്ങളിലെ ബയോ വേസ്റ്റ് ശേഖരിച്ച് യു.എൻ.ഡി.പി. (യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം)യുടെ സഹായത്തോടെ മണ്ണിര കമ്പോസ്റ്റാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും സമിതി വിലയിരുത്തുന്നു. ഇടുക്കി ജില്ലയിലെ മാലിന്യ പ്രശ്നം പൂർണ്ണമായും പരിഹരിക്കണമെങ്കിൽ റവന്യൂ വകുപ്പോ കെ.ഡി.എച്ച്.പി. കമ്പനിയോ സ്ഥലം ലഭ്യമാക്കി മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ടെന്നും മാലിന്യ

നിർമ്മാർജ്ജനത്തിനായി കരാർ വ്യവസ്ഥയിൽ ആളുകളെ നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സമിതി വിലയിരുത്തുന്നു.

49. മൂന്നാറിൽ ഏഴ് സ്ഥലങ്ങളിലാണ് ഹൈഡൽ ടൂറിസമുള്ളത്. ഈ സ്ഥലങ്ങളിലെല്ലാം മാലിന്യം സംസ്കരിക്കുന്നത് ഗ്രീൻ ഗ്രാസ് പ്രോജക്ട് വഴിയാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം പ്ലാസ്റ്റിക് സാധനങ്ങൾ കൈവശമുള്ള വിനോദസഞ്ചാരികൾക്ക് സ്ലിപ്പ് കൊടുക്കുകയും അവർ തിരികെ വരുമ്പോൾ പ്ലാസ്റ്റിക് സാധനങ്ങൾ തിരികെ കൊണ്ടുവരികയാണെങ്കിൽ സ്ലിപ്പിലെ തുക തിരികെ കൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യം തരംതിരിച്ച് മൂന്നാർ ഗ്രാമപഞ്ചായത്തിന് നൽകുന്നു

50. പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) സെന്ററുകളിൽ നിക്ഷേപിച്ച് അവ പിന്നീട് ക്ലീൻ കേരള കമ്പനിക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. മഴക്കാലത്ത് വന്നടിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ വൃത്തിയാക്കിവരുന്നു. ക്ലീൻ കേരള കമ്പനി, ശുചിത്വമിഷൻ, യു.എൻ.ഡി.പി. എന്നിവയുടെ സഹായത്തോടെ ഹരിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കണമെന്നും അവിടെ യൂസർ ഫീ ഈടാക്കുന്നതിനും അതിന് നിയമപരിരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

51. മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനാംഗങ്ങൾ വീടുകൾ, കോളനികൾ, കടകൾ, മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നും ദിവസേന മാലിന്യങ്ങൾ ശേഖരിക്കുകയും മാലിന്യങ്ങൾ വഴിയോരത്തും പുഴയിലും വലിച്ചെറിയുന്നതിന് എതിരെ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്ത് വരുന്നു. പ്ലാസ്റ്റിക്ക് ക്യാരി ബാഗുമായി പോകുന്നവരെ കണ്ടെത്തി അത് ലഭിച്ച വ്യാപാര സ്ഥാപനത്തിൽ തന്നെ തിരികെ നൽകുന്നതിനും പിഴ ഈടാക്കുന്നതിനും വിനോദസഞ്ചാരികളിൽ നിന്നും ഹരിത ചെക്ക് പോസ്റ്റുകളിൽ വച്ച് തന്നെ പ്ലാസ്റ്റിക് ബാഗുകളും ഡിസ്പോസബിൾ സാധനങ്ങളും ശേഖരിച്ച് അവ നിർമ്മാർജ്ജനം ചെയ്യുന്നതിനും പദ്ധതികൾ നടപ്പാക്കിയതായി സമിതി മനസ്സിലാക്കുന്നു. 'ഡിസ്പോസബിൾ വേസ്റ്റ് ലിറ്റർ ഫ്രീ ടൂറിസം ഡെസ്റ്റിനേഷൻ' എന്ന ഒരു കാമ്പയിൻ ഇപ്പോൾ നടപ്പിലാക്കി വരുന്നു. ഹരിത ചെക്ക് പോസ്റ്റുകളിൽ ഡിസ്പോസബിൾ സാധനങ്ങൾ വാങ്ങി പകരം സ്റ്റീൽ പ്ലേറ്റുകളും ഫ്ലാസ്കുകളും നൽകുകയും തിരികെ വരുമ്പോൾ അവ വാങ്ങുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

52. മൂന്നാർ ഗ്രാമപഞ്ചായത്തിൽ 50 കിലോലിറ്റർ കപ്പാസിറ്റിയുള്ള ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 3 കോടി 28 ലക്ഷം രൂപ വരുന്ന പദ്ധതിയുടെ ഡി.പി.ആർ ശുചിത്വമിഷന് സമർപ്പിച്ചിരുന്നു. പഞ്ചായത്തിന്റെ ഫണ്ടിന് പുറമേ

ഇതിനായി ഫണ്ടും ലഭ്യമാക്കാമെന്ന് ശുചിത്വമിഷൻ ഉറപ്പ് നൽകിയതായി സമിതി മനസ്സിലാക്കുന്നു. മൂന്നാർ പഞ്ചായത്തിലെ ഹോട്ടലുകൾ, കോളനികൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മലിനജലം പുഴയിലേയ്ക്ക് ഒഴുക്കിവിടുന്നത് തടയാൻ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനായുള്ള ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാമെന്ന് ശുചിത്വമിഷൻ അറിയിച്ചതും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഹരിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതോടുകൂടി മൂന്നാർ, ദേവികുളം, പള്ളിവാസൽ ഗ്രാമപഞ്ചായത്തുകൾ ചേർന്ന് ഒരു ഗ്രീൻ പട്രോളിംഗ് സംവിധാനം ഒരുക്കി മൂന്നാറിനെ പരിസ്ഥിതി സൗഹൃദ പ്രദേശമായി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു.

53. വിനോദസഞ്ചാര വകുപ്പ് 'സേവ് ഗ്രീൻ സേവ് റോഡ്', ' സേവ് ഗ്രീൻ സേവ് ടൂറിസം' എന്നീ രണ്ട് പദ്ധതികൾ 2022 ജനുവരി 13 മുതൽ 2023 ജനുവരി 12 വരെയുള്ള ഒരു വർഷക്കാലയളവിൽ നടപ്പിലാക്കിയിരുന്നു. ആദ്യ പദ്ധതിക്കായി 42.65 ലക്ഷം രൂപയും രണ്ടാമത്തെ പദ്ധതിക്കായി 69.75 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. സേവ് ഗ്രീൻ സേവ് റോഡ് പദ്ധതി നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനും സേവ് ഗ്രീൻ സേവ് ടൂറിസം പദ്ധതി ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അജൈവ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനും വേണ്ടിയാണ്. പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാനും തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ച് അത് എല്ലാ ഡി.റ്റി.പി.സി. യൂണിറ്റുകളിലൂടെയും ചെറിയ തുകയ്ക്ക് വിൽപ്പന നടത്തുന്ന സംരംഭം ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

54. ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. ഇടുക്കി ജില്ലയിലെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഹരിത മിഷന്റെ പ്രവർത്തനങ്ങൾ കുടുംബശ്രീ അംഗങ്ങളെ ഉപയോഗിച്ചും ഇടമലക്കുടി പഞ്ചായത്തിൽ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചും നടത്തി വരുന്നു. ഇവിടുത്തെ എല്ലാ പഞ്ചായത്തുകളിൽ നിന്നും ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിക്കുകയും ചെയ്യുന്നു. പഞ്ചായത്തുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ പേയ്മെന്റും മറ്റ് ഭരണപരമായ കാര്യങ്ങളും വേഗത്തിലാക്കി ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയാണെങ്കിൽ മാലിന്യ നിർമ്മാർജ്ജനം കൂടുതൽ ഫലപ്രദമാകുമെന്ന് സമിതി വിലയിരുത്തുകയും ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

55. ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള പബ്ലിക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിൽ പള്ളിവാസൽ, പരുന്തുംപാറ ഉൾപ്പെടെ ജില്ലയിൽ ഇതുവരെ പന്ത്രണ്ട് ടോയ്‌ലറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. യു.എൻ.ഡി.പി. നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വിംഗായിട്ടാണ് മൂന്നാർ മേഖലയിൽ ഹരിത കേരളം മിഷൻ പ്രവർത്തിക്കുന്നത്.

56. മൂന്നാർ, കട്ടപ്പന, തൊടുപുഴ എന്നിവിടങ്ങളിലായി ഇടുക്കി ജില്ലയിൽ മൂന്ന് ഡമ്പിങ്ങ് യാർഡുകളാണുള്ളത്. അതിൽ മൂന്നാർ ഡമ്പിങ്ങ് യാർഡിലെ വേസ്റ്റ് തരംതിരിച്ച് മാറ്റുന്നത് പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള രണ്ട് ഡമ്പിങ്ങ് യാർഡുകളിലെ വേസ്റ്റ് തരം തിരിച്ച് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

57. ഇടുക്കി ജില്ലയിൽ കോമൺ സെപ്റ്റേജ് പ്ലാന്റുകളും കോമൺ സ്വീവേജ് പ്ലാന്റുകളും ഇല്ലാത്തതിനാൽ മാലിന്യങ്ങൾ പുഴയിൽ ഒഴുക്കി വിടുന്നതുമൂലം പുഴകളിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ടാകുന്ന സാഹചര്യമുണ്ട്. ഇത് തടയുന്നതിനായി രാത്രി കാലങ്ങളിൽ നദിയിൽ സ്വീവേജ് മാലിന്യം ഒഴുക്കുന്നത് കണ്ടുപിടിക്കാൻ ഫലപ്രദമായ മാർഗ്ഗങ്ങളില്ലെന്നും എന്നാൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലാന്റ് സ്ഥാപിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുകയും കോമൺ സെപ്റ്റേജ് പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

58. സെപ്റ്റേജ് പ്ലാന്റിനായി ജനവാസ മേഖലയിൽ നിന്ന് മാറി തേയില തോട്ടത്തിന് നടുവിൽ 25 സെന്റ് സ്ഥലം കണ്ണൻ ദേവൻ കമ്പനിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേക്കായി പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിന് ഉചിതമായ നടപടി അടിയന്തരമായി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

59. കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും ഭൂമി ലഭിച്ചാൽ മാത്രമെ പീരുമേട്, ഉടുമ്പൻചോല, ദേവികുളം എന്നീ മേഖലകളിൽ മാലിന്യ സംസ്കരണ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ആവശ്യത്തിനായി ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുന്നു.

**കോട്ടയം**

60. വിനോദസഞ്ചാര മേഖലയിൽ ഏറെ പ്രാമുഖ്യമുള്ള ജില്ലയായ കോട്ടയം Land of Letters, Latex and Lakes എന്നാണ് അറിയപ്പെടുന്നത്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയെ മൂന്ന് മേഖലകളിലായി 12 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. എല്ലാ ദിവസവും ഈ പ്രദേശത്തെ പ്ലാസ്റ്റിക് ശേഖരിച്ച് അതത് പഞ്ചായത്തിന്റെ ഹരിത കർമ്മസേന മുഖേനയോ അല്ലെങ്കിൽ സ്വകാര്യ ഏജൻസികൾ മുഖേനയോ നിർമ്മാർജനം ചെയ്യുന്നു. പ്രസ്തുത ജീവനക്കാരുടെ സേവനം ഡി.റ്റി.പി.സി- യുടെ ആസ്ഥാനത്തോട് ചേർന്നുള്ള പാർക്കിലും എരുമേലി പിൽഗ്രിം ഹബ്ബിലും പ്രധാനപ്പെട്ട ടൂറിസം സെന്ററായ കുമരകത്തും ഉപയോഗപ്പെടുത്തുന്നു. വേമ്പനാട് കായലിന്റെ പ്രദേശങ്ങളെ കൂടി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ഏകദേശം 120- ഓളം ഹൗസ് ബോട്ടുകൾ ഈ പ്രദേശത്ത് നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും ഇതു കൂടാതെ രജിസ്ട്രേഷൻ ഇല്ലാത്ത ഹൗസ് ബോട്ടുകളും ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

61. വേമ്പനാട് കായലിൽ രജിസ്ട്രേഷൻ ഇല്ലാത്ത ഹൗസ് ബോട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാൽ ഹൗസ് ബോട്ടുകളിലെ മാലിന്യം സംബന്ധിച്ച വിവരം ശേഖരിക്കാൻ വിനോദസഞ്ചാര വകുപ്പിന് കഴിയുന്നില്ല. മാത്രമല്ല, ഈ ബോട്ടുകൾ അപകടത്തിൽപ്പെടുമ്പോൾ ജില്ലാ ഭരണകൂടത്തിനും വിനോദസഞ്ചാര വകുപ്പിനും ഇതേക്കുറിച്ച് അന്വേഷിക്കാൻ കഴിയാതെയും വരുന്നു. ആലപ്പുഴയിലും കോട്ടയത്തുമാണ് ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ നടക്കുന്നതെങ്കിലും പ്രസ്തുത ഓഫീസുകൾ തമ്മിൽ ഏകോപനം ഇല്ലാത്തതിനാൽ നിയമലംഘനം നടത്തുന്ന ഹൗസ് ബോട്ടുകൾ പിടിച്ചെടുക്കുന്ന അവസരത്തിൽ ബോട്ടുകൾ രജിസ്റ്റർ ചെയ്തിരിക്കുന്ന ഓഫീസുകൾ സംബന്ധിച്ച് വ്യക്തതയില്ലാതെ വരുകയും ആയതിനാൽ നിയമനടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 6 രജിസ്ട്രേഷൻ സെന്ററുകൾ തുറമുഖ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഏറ്റവും കൂടുതൽ ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ആലപ്പുഴ ജില്ലയിലാണ്. C.W.R.D.M. (സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡെവലപ്പ്മെന്റ് മാനേജ്മെന്റ്) 2013-ൽ നടത്തിയ പഠനത്തിൽ 600 ബോട്ടുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സ്വീവേജ് മാലിന്യം ഏറ്റവും കൂടുതലായി ഹൗസ്ബോട്ടുകളിൽ നിന്നാണ് ഉല്പാദിപ്പിക്കപ്പെടുന്നതെന്നും കണ്ടെത്തുകയും ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിൽ രണ്ട് അദാലത്തുകൾ സംഘടിപ്പിക്കുകയും രജിസ്ട്രേഷനില്ലാത്ത ബോട്ടുകളെ രജിസ്ട്രേഷൻ ചെയ്യിപ്പിക്കുന്നതിനുള്ള

ശ്രമം നടത്തുകയും ചെയ്തിരുന്നു. ഇപ്പോഴും അംഗീകാരം വാങ്ങാതെയും ബോട്ടുകൾ നിർമ്മിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഹൗസ് ബോട്ടുകളും ചെറിയ ബോട്ടുകളും മോട്ടോർ ട്രാൻസ്പോർട്ട് ബോട്ടുകളും ഉൾപ്പെടെ 1700-ഓളം ബോട്ടുകളാണ് ഇപ്പോൾ ആലപ്പുഴയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ കുമരകത്തെ ബോട്ടുകളും ഉൾപ്പെടുന്നു. ആലപ്പുഴ റീജിയണിൽ മൊത്തമായി 200-ഓളം രജിസ്ട്രേഷനില്ലാത്ത ബോട്ടുകൾ ഉണ്ടെന്നും അവയിൽ ശിക്കാര വള്ളങ്ങൾ പോലുള്ളവയും ഉൾപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത ബോട്ടുകൾ പിടിച്ചെടുക്കുന്നതിനായി ആലപ്പുഴ റീജിയണിൽ ഒരു ഡിറ്റെൻഷൻ യാർഡ് സ്ഥാപിക്കുകയും അമ്പതോളം ബോട്ടുകളെ ഡിറ്റെൻഷൻ നടത്തി രജിസ്ട്രേഷൻ ചെയ്യിപ്പിക്കുകമുണ്ടായി. Inland Vessels Act, 2021 പ്രകാരം ബോട്ടുകൾക്ക് എവിടെ വേണമെങ്കിലും പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം ഉള്ളതിനാൽ അനധികൃത ബോട്ടുകൾ പിടിച്ചെടുക്കാൻ കഴിയാതെ വരുകയും ഇത്തരം അനധികൃത ബോട്ടുകൾ കണ്ടെത്തി അദാലത്ത് നടത്തുന്നതിന് ആലപ്പുഴ ജില്ല കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

62. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് മാലിന്യം കായൽ മലിനപ്പെടുത്താതിരിക്കാൻ വേണ്ടി ട്രീറ്റ് ചെയ്യുന്നതിനായി പ്രത്യേകം S.T.P. (Sewage Treatment Plant) കുമരകത്ത് സ്ഥാപിച്ചിട്ടുണ്ട്. കായലിൽ ഓടുന്ന ബോട്ടുകളിൽ നിന്ന് സ്വീവേജ് മാലിന്യം കളക്ട് ചെയ്യുന്നതിനായി ഒരു ബാർജ്ജും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് പ്രവർത്തിപ്പിക്കുന്നു. ഇവ രണ്ടും കേരളത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നു. <u>കായൽ ജലത്തിലെ ഇ-കോളി നിരക്ക് 1000 മുതൽ 1500 വരെയാണെന്നും എല്ലാ മാസവും ഇ-കോളിയുടെ തോത് പരിശോധിക്കുകയും ജില്ലാ കളക്ടർ അത് റിവ്യൂ ചെയ്യുകയും ചെയ്യുന്നുവെന്നും സമിതി വിലയിരുത്തുന്നു. എന്നിരുന്നാലും പുഴകളിൽ നിന്നുള്ള ഇ-കോളി ബാക്ടീരിയകൾ മുതലായവയും പാടശേഖരങ്ങളിൽ നിന്നുള്ള കീടനാശിനികളും വേമ്പനാട് കായലിൽ നിറയുന്നത് ഒഴിവാക്കുന്നതിന് തണ്ണീർമുക്കം ബണ്ട് യഥാസമയം തുറക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

63.കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ 5 പ്രധാനപ്പെട്ട നദികൾ വേമ്പനാട് കായലിലേക്കാണ് ചേരുന്നത്. ശബരിമല മണ്ഡലകാലത്ത് പമ്പ, എരുമേലി എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വന്നടിയുന്നത് വേമ്പനാട് കായലിലാണ്. ഇത് കൂടാതെ കായലിന്റെ തീരത്തുള്ള വീടുകളിൽ നിന്നുള്ള മാലിന്യങ്ങളും ഈ കായലിലേയ്ക്ക് ഒഴുകിയെത്തുന്നുണ്ട്.

64. <u>ബോട്ടുകളുടെ രജിസ്ട്രേഷൻ 5 വർഷത്തേക്കാണ് നൽകുന്നത്. ബോട്ടിന്റെ സേഫ്റ്റി പരിശോധിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വാർഷിക സർവ്വെയും ഫിറ്റ്നസ്</u>

പരിശോധനയും എല്ലാ വർഷവും നടത്തുന്നു. രജിസ്ട്രേഷൻ നമ്പറുകൾ ലഭിച്ചിട്ടുള്ള ഹൗസ് ബോട്ടുകൾ പൊതുജനങ്ങൾക്ക് നേരിട്ട് ബുക്ക് ചെയ്യുന്നതിന് വിനോദസഞ്ചാര വകുപ്പ് എൻ.ഐ.സി (നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ) യുമായി ചേർന്ന് ഓൺലൈൻ സംവിധാനം ആരംഭിക്കണമെന്നും അതോടൊപ്പം ഒരു ബോട്ടിന്റെ രജിസ്ട്രേഷൻ നമ്പർ വച്ച് നിരവധി ബോട്ടുകൾ സർവ്വീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബോട്ടുകളിൽ ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

65. സ്വകാര്യ ഹൗസ് ബോട്ട് മേഖലയിൽ കൃത്യമായിട്ടുള്ള ഒരു വേസ്റ്റ് മാനേജ്മെന്റ് സംവിധാനം കൊണ്ടുവരുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്നും ഹൗസ് ബോട്ടുകളിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നില്ലെന്നും പേയ്മെന്റ് റസീപ്റ്റ് എടുക്കുന്നു എന്നതുകൊണ്ട് മാത്രം സ്വീവേജ് മാലിന്യമുൾപ്പെടെയുള്ളവ പ്ലാന്റിൽ കൊണ്ടുവന്ന് സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനാവില്ലെന്നും വിലയിരുത്തിയ സമിതി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

66. ഡി.റ്റി.പി.സി. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് വിഷയങ്ങൾ ചർച്ച ചെയ്ത് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

67. കോട്ടയം ജില്ലയിൽ പഞ്ചായത്തുകളുമായി സഹകരിച്ച് പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം നടത്തുന്നു. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ അനുസരിച്ചുള്ള ജീവനക്കാരെ ഉപയോഗിച്ച് പ്ലാസ്റ്റിക്ക് ശേഖരിക്കുകയും പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് അവ നിർമ്മാർജ്ജനം ചെയ്യുന്നുണ്ടെന്നും നിരന്തരമായ ബോധവല്ക്കരണം വഴി പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറഞ്ഞിട്ടുണ്ടെന്നും പ്ലാസ്റ്റിക്ക് ഒഴിവാക്കുന്നതിന് ഹൗസ് ബോട്ട് ഉടമകൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകിയിരുന്നു എന്നും സമിതി മനസ്സിലാക്കുന്നു.

68. കോട്ടയത്ത് വേസ്റ്റ് റീസൈക്ലിംഗ് സിസ്റ്റം നിലവിലില്ലാത്തതിനാൽ സ്വകാര്യ സംരംഭകരെ കൂടി പങ്കാളികളാക്കിക്കൊണ്ട് വേസ്റ്റ് റീസൈക്ലിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

69. കോട്ടയത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ തരം തിരിക്കുന്നതിനും അവ നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങൾ, തീർത്ഥാടന കേന്ദ്ര മാനേജ്മെന്റുമായി സഹകരിച്ച് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചീകരണ പ്രവർത്തനത്തിന് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. പ്ലാൻ ഫണ്ടിൽ ശുചിത്വ പരിപാലനത്തിനുവേണ്ടി വകയിരുത്തുന്ന തുകയിൽ ടൂറിസം ഡെസ്റ്റിനേഷനുള്ള പഞ്ചായത്തുകളിൽ ഇ-ടോയിലറ്റ്, വേസ്റ്റ്ബിൻ തുടങ്ങിയവ സ്ഥാപിക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്നും ധാരാളം വിനോദസഞ്ചാരികൾ എത്തുന്ന സ്ഥലങ്ങളിൽ അവിടത്തെ ശുചിത്വ പരിപാലനത്തിന് മുൻഗണന നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

71. ജില്ലയിലെ പ്രധാന ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ഇത്തരം പ്രദേശങ്ങളിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആഭ്യന്തര വകുപ്പും മുൻകയ്യെടുത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി സി.സി.ടി.വി.കൾ സ്ഥാപിച്ചിട്ടുണ്ട്. വിജനമായ സ്ഥലങ്ങളിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് സി.സി.ടി.വി സ്ഥാപിക്കുകയും അതിന്റെ അറ്റകുറ്റപ്പണി ശുചിത്വമിഷൻ മുഖേന നടത്തുകയും ചെയ്യാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൃത്യമായ വ്യവസ്ഥകളോടെ അനുവാദം നൽകുകയും പ്ലാൻ ഫണ്ടിൽ നിന്ന് ഇതിനായി തുക വകയിരുത്തുകയും ചെയ്താൽ ഇവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നത് കണക്കിലെടുത്ത് ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ സഹകരിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. ദേശീയ തലത്തിൽ ജലാശയങ്ങളുടെ ശുചിത്വം സംബന്ധിച്ച് 26 മാനദണ്ഡങ്ങളാണ് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വേസ്റ്റ് മാനേജ്മെന്റ്/വേസ്റ്റ് ട്രീറ്റ്മെന്റ് ഫെസിലിറ്റികളും ഇൻഫ്രാസ്ട്രക്ച്ചറും കോട്ടയം ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ പുഴകൾ മലിനമാകുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് മാലിന്യ സംസ്കരണത്തിന് മുൻഗണന നൽകി സെപ്റ്റേജ് ട്രീറ്റ്മെന്റ്, ലിക്വിഡ് വേസ്റ്റ് ട്രീറ്റ്മെന്റ്, സോളിഡ് വേസ്റ്റ് ട്രീറ്റ്മെന്റ് എന്നിവയ്ക്കായി പ്ലാന്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. കുമരകം കവണാറ്റിൻകരയിലുള്ള എഫ്.എസ്.റ്റി.പി.(ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ്) യൂണിറ്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ആലപ്പുഴ ജില്ലയിലുള്ള ടൂറിസം പദ്ധതികൾക്ക് വേണ്ടിയുള്ള എഫ്.എസ്.റ്റി.പി. യൂണിറ്റുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശകൾ

74. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതുസൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിനോദസഞ്ചാര വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, സന്നദ്ധസംഘടനകൾ എന്നിവരെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി, ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് വേർതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ വഴി അവിടെ വച്ച് തന്നെ വളമാക്കാനും മറ്റുള്ളവ ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കാനും ഉദ്ദേശിച്ച് രൂപം നൽകിയ ഗ്രീൻ ഗ്രാസ് പദ്ധതി എന്നിവ വിനോദസഞ്ചാര വകുപ്പിന്റെ മികച്ച പദ്ധതികളാണ്. തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ.കൾ മുഖേനയാണ് ഗ്രീൻ ഗ്രാസ് പദ്ധതി നടപ്പിലാക്കി വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങൾ കുറ്റമറ്റതും സഞ്ചാരികൾക്കും തദ്ദേശീയർക്കും സ്വീകാര്യമായതുമാക്കുക എന്ന പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് വേണ്ടി ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

75. ഗ്രീൻ ഗ്രാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 79 വിനോദസഞ്ചാര കേന്ദ്രങ്ങളിലും എയ്റോബിൻ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത് കൂടാതെ യു.വി. മോഡൽ ഡ്രിങ്കിംഗ് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെ കനകക്കുന്നിലും വേളിയിലും പദ്ധതി നടപ്പാക്കുമെന്നും പ്രസ്തുത പദ്ധതി വിജയിക്കുകയാണെങ്കിൽ മറ്റ് സ്ഥലങ്ങളിലും ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി ഇത് എത്രയും വേഗം പ്രാവർത്തികമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

76. സംസ്ഥാനത്തെ പ്രധാനപ്പെട്ട ആറ് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ടോയ്ലെറ്റുകളുടെ നിർമ്മാണച്ചുമതല കിറ്റ്കോയ്ക്ക് നൽകുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പത്തുവീതം ടോയ്ലെറ്റ് സമുച്ചയങ്ങൾ കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിക്കാനും അതിന്റെ നടത്തിപ്പ് വിനോദസഞ്ചാര വകുപ്പിന് നൽകുന്നതിന് ഭരണാനുമതിയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയവ അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

77. 'മാലിന്യമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായിട്ടുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. കേരളത്തിന് തന്നെ മാതൃകയായിട്ടുള്ള തുമ്പൂർമൂഴി മോഡൽ എയ്റോബിൻ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം പോലെ അതത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽത്തന്നെ മാലിന്യങ്ങൾ സംസ്കരിച്ച് കൃഷിക്കുള്ള വളമാക്കി പാക്കറ്റുകളിൽ വിൽക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പഠിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആദ്യഘട്ടത്തിൽ തന്നെ നടപ്പിലാക്കിവരുന്നു. കടകളിൽ നിന്നും പുറംതള്ളുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ, കവറുകൾ തുടങ്ങിയവയാണ് സമൂഹം നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളി. ദേശീയതലത്തിലും സിംഗിൾ യൂസ് പ്ലാസ്റ്റിക് പാക്കറ്റ് തടയുന്നതിനുള്ള മൂവ്മെന്റ് നടന്നുവരികയാണ്. 'ഗ്രീൻ ഗ്രാസ്' പദ്ധതിയിലൂടെ എയ്റോബിൻ മുഖേന ജൈവമാലിന്യ നിർമ്മാർജ്ജനവും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട പഞ്ചായത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിക്കാനുള്ള ക്രമീകരണങ്ങളുമാണ് എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നത്. ടാറിംഗിന് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും ഇതിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലാന്റ് സ്ഥാപിച്ചാൽ ഇവയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര മേഖലകളിൽ പ്ലാസ്റ്റിക്ക് കളക്ഷൻ ബൂത്തുകൾ സ്ഥാപിക്കുന്നത് പ്ലാസ്റ്റിക്ക് വേസ്റ്റുകൾ ശേഖരിക്കുന്നതിന് പ്രയോജനപ്രദമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. വിനോദസഞ്ചാരികൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് കുപ്പികളും മറ്റും ശേഖരിച്ചതിനുശേഷം അവർ തിരിച്ചുപോകുമ്പോൾ അവരുടെ കൈവശം കൊടുത്തുവിടുകയോ അല്ലെങ്കിൽ അവ ശേഖരിച്ച് റോഡിന്റെ ടാറിംഗിന് ഉപയോഗിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. കോവളം, ശംഖുമുഖം പോലെയുള്ള തുറസ്സായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്ക് നിരോധിക്കുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്നും ഇവിടങ്ങളിലെ കച്ചവടക്കാർക്ക് പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ബോധവത്ക്കരണം നൽകിയാൽ ഒരു പരിധിവരെ പ്ലാസ്റ്റിക്ക് ദുരുപയോഗം തടയാൻ സാധിക്കുമെന്നും വാട്ടർ കിയോസ്കുകൾ വ്യാപകമാകുന്നതോടുകൂടി പ്രവേശനനിയന്ത്രിത മേഖലയായ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക്ക് കുപ്പിവെള്ള വിതരണം നിയന്ത്രിക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആവശ്യാനുസരണം ശുദ്ധജല കിയോസ്കുകൾ സ്ഥാപിക്കുവാൻ വിനോദസഞ്ചാര വകുപ്പ് മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. സംസ്ഥാനത്തെ പ്രധാന ബീച്ചുകളിലെ ടോയ്‌ലെറ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ട സമിതി ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

82. സ്കൂളുകളിൽ സംഘടിപ്പിച്ചു വരുന്ന 'കളക്ടേഴ്സ് @ സ്കൂൾ' പ്രോഗ്രാം കുട്ടികളിൽ ശുചിത്വശീലം വളർത്തുന്നതിന് ഉപകരിക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇപ്രകാരം പ്ലാസ്റ്റിക്ക് കളക്ഷൻ ബൂത്തുകൾ സ്ഥാപിച്ച് ശുചീകരണ പദ്ധതികൾ വിപുലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. വേസ്റ്റ് മാനേജ്മെന്റിൽ നേരിടുന്ന പ്രധാന പ്രതിസന്ധി സെൻട്രലൈസ്ഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ പൊതുജനങ്ങളിൽ നിന്നും എതിർപ്പ് നേരിടുന്നു എന്നതാണ്. മാലിന്യ സംസ്കരണത്തിലെ പ്രതിസന്ധികളെ മറികടക്കാൻ ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. പ്രായോഗികമായി ഏതൊക്കെ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വേസ്റ്റ് മാനേജ്മെന്റ് നടത്തേണ്ടതെന്ന് തിരിച്ചറിയാൻ ശ്രമിക്കുകയും അവ ലിസ്റ്റ്ഔട്ട് ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ എങ്ങനെ മറികടക്കാമെന്ന് നേരിട്ട് കാണിച്ചും വിഷ്വലൈസ് ചെയ്തും ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ജൈവ-അജൈവ മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള പരിപാടികൾ പൊതുജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

85. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്ക്, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവ റീസൈക്കിൾ ചെയ്യുന്നതിനും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

86. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ റോഡരികുകൾ, പ്രധാന തെരുവുകൾ, ബസ്, ഓട്ടോ, ടാക്സി സ്റ്റാൻഡ് മുതലായ സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി പ്രത്യേക വേസ്റ്റ് ബിന്നുകൾ, മാലിന്യ സംസ്കരണ അവബോധത്തിനായി സൈനേജ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

87. ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണത്തിനായി ഡി.റ്റി.പി.സി.യുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി ഇടപെടൽ നടത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

88. ഹൗസ് ബോട്ടുകൾ ഉൾപ്പെടെ എല്ലാ ബോട്ടുകളിൽ നിന്നും ഇന്ധനം വെള്ളത്തിൽ കലരുന്നത് ഒഴിവാക്കുന്നതിന് സി.എൻ.ജി, സോളാർ എന്നിവയാൽ പ്രവർത്തിക്കുന്ന ബോട്ടുകൾ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതലായി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കെ. പി. എ. മജീദ്, എം. എൽ. എ.**

*അദ്ധ്യക്ഷൻ,*

*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2021-2023) .*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 23.

<u>അനുബന്ധം</u> I

## ശിപാർശകൾ

| ശിപാർശ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശകൾ | വകുപ്പുകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | **കോവളം** | |
| 1. | 7 | ഹവ്വാ ബീച്ചിലും ഗ്രോവ് ബീച്ചിലും സുരക്ഷയുടെ ഭാഗമായി കെട്ടിയിട്ടുള്ള മതിൽ പൊളിക്കണമെന്നും അവിടെ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നടപ്പാത നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു | വിനോദസഞ്ചാരം |
| 2. | 9 | കോവളം ബീച്ചുകളിലെ സ്ഥലം കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും റവന്യൂ വകുപ്പിന് നിർദ്ദേശം നൽകാൻ സമിതി ശിപാർശ ചെയ്യുന്നു. | റവന്യൂ |
| 3. | 10 | കോവളം ബീച്ചിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് വാട്ടർ അതോറിറ്റി യുമായി ചേർന്ന് നടപ്പിലാക്കുന്ന പതിനാല് കോടി രൂപയുടെ കുടിവെള്ള പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിനും സാങ്കേതിക തടസ്സം പരിഹരിച്ച് മലിന ജല സംസ്കരണത്തിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു | വിനോദസഞ്ചാരം |
| | | **ആലപ്പുഴ** | |
| 4. | 12 | ആലപ്പുഴയിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് മതിയായ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത കണക്കി ലെടുത്ത് സർക്കാരിന്റെ കീഴിൽ പുതിയ പ്ലാന്റ് സ്ഥാപിക്കുകയോ നിലവിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം,<br>തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| 5. | 13 | ആലപ്പുഴയിൽ പുന്നമടയിൽ മാത്രമാണ് ഡി.റ്റി.പി.സി.ക്ക് ഹൗസ് ബോട്ടുകളിൽ നിന്നും ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശുചിമുറി മാലിന്യ സംസ്കരണത്തിനും സംവിധാനമുള്ളത്. ജില്ലയിലെ മറ്റ് ഭാഗത്ത് പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും സംവിധാനം അപര്യാപ്തമാണ് . ഇതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 6. | 16 | സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുക, യാണെങ്കിൽ ഇത്തരത്തിൽ വേസ്റ്റ് കെട്ടിക്കിടക്കുന്നത് ഒഴിവാക്കുവാൻ സാധിക്കുമെന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം,<br><br>പൊതുമരാമത്ത് |
| 7. | 17 | ഈ മേഖലയിൽ ബോട്ട് ലൈസൻസ് പരിശോധന നടത്തുന്നതിന് കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തുറമുഖ വകുപ്പിന് കീഴിൽ ജില്ലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തുറമുഖം |

| 1 | 2 | 3 | 4 |
|---|---|---|---|
| 8. | 18 | അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾ കണ്ടെത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡും തുറമുഖ വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി പരിശോധന നടത്തണമെന്നും കണ്ടെത്തുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കണമെന്നും ജില്ലാ ഭരണകൂടവുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | തുറമുഖം |
| 9. | 19. | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ കോംപാക്ട് ടൈപ്പ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഹൗസ് ബോട്ടുകളിൽ സ്ഥാപിക്കുകയാണെങ്കിൽ സ്വീവേജ് കളക്ഷൻ തന്നെ ഒഴിവാക്കാൻ സാധിക്കുമെന്നും ഇതിൽ നിന്നും പുറത്തേയ്ക്കുപോകുന്ന എഫ്ല്യുവന്റ് ശേഖരിച്ച് ടെസ്റ്റ് ചെയ്യുന്ന ലാബ് സംവിധാനം കൂടി ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നുമുള്ള കേരള മാരിടൈം ബോർഡിന്റെ അഭിപ്രായം സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഈ സംവിധാനം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തുറമുഖം |
| 10. | 21. | ഹോട്ടലുകളിൽ നിലവിലുള്ള ത്രീ സ്റ്റാർ, ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷൻ ഹൗസ് ബോട്ടുകളിലും കൊണ്ടുവരാൻ വിനോദസഞ്ചാര വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്നും ബയോ ടോയ്‌ലെറ്റിന്റെയും | വിനോദസഞ്ചാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | സ്വകാര്യ ബയോഗ്യാസ് പ്ലാന്റിന്റെയും അടിസ്ഥാനത്തിൽ ഗോൾഡ്, ഡയമണ്ട് എന്നീ ക്ലാസിഫിക്കേഷനുകളാണ് നൽകുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. എല്ലാ ഹൗസ് ബോട്ടുകളും ക്ലാസിഫൈ ചെയ്യണമെന്നും അത് പ്രകാരമുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 11. | 22. | ആലപ്പുഴ ബീച്ച് ടൂറിസം കേന്ദ്രങ്ങളിലെ നിയമപരമല്ലാത്ത ബോട്ട് സർവ്വീസുകൾ നിർത്തലാക്കണമെന്നും നിയമപരമായ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പോർട്ട് അതോറിറ്റിയും ഡി.റ്റി.പി.സിയും പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| **അതിരപ്പിള്ളി** | | | |
| 12. | 23. | പ്ലാസ്റ്റിക് ബോട്ടിലുകൾ, കവർ, പ്ലേറ്റ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഇവയിൽ റീസൈക്കിൾ ചെയ്യാൻ സാധിക്കുന്നവ റീസൈക്ലിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുകയും ഇവയ്ക്ക് നല്ല വില ലഭിക്കുന്നതിനാൽ കേരളത്തിന് പുറത്തേയ്ക്ക് കയറ്റിയയ്ക്കുകയും ചെയ്യുന്നു. ആയതിനാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും നടപ്പാക്കുക വഴി മാലിന്യ നിർമാർജ്ജനത്തോടൊപ്പം വരുമാനദായകവുമാക്കുവാൻ സാധിക്കു മെന്നതിനാൽ ആയത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| 13. | 24. | തൃശ്ശൂർ ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവടങ്ങളിൽ നിന്നും മാലിന്യങ്ങൾ നേരിട്ട് പുഴയിലേയ്ക്കൊഴുക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാലിന്യങ്ങൾ നേരിട്ട് പുഴയിലൊഴുക്കുന്ന രീതി പരിപൂർണ്ണമായി അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 14. | 25. | കേരളത്തിൽ ആറ് മാസം മഴക്കാലമായതുകൊണ്ട് വേസ്റ്റ് തരം തിരിക്കുന്നതിനും ഉണക്കിയെടുക്കുന്നതിനും സംസ്കരണത്തിനും പ്രയാസം അനുഭവപ്പെടുന്നതിനാൽ കേരളത്തിന്റെ പരിസ്ഥിതിക്ക് ഡീസെൻട്രലൈസ്ഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ജില്ലയിൽ ഡീസെൻട്രലൈസ്ഡ് പ്ലാന്റുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിനും എല്ലാ ഷ്രഡിംഗ് യൂണിറ്റുകളും പ്രവർത്തന സജ്ജമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 15. | 29. | 2020 ജനുവരി 1 മുതൽ നടപ്പിലാക്കിയ പ്ലാസ്റ്റിക്ക് നിരോധനം കൂടുതൽ ഫലവത്തായി നടപ്പിലാക്കുന്നതിന് കൃത്യമായ പരിശോധന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിസ്ഥിതി ലോല | പൊതുമരാമത്ത് |
| 1 | 2 | 3 | 4 |

| | | | |
|---|---|---|---|
| | | പ്രദേശമായതിനാലും വന്യമൃഗങ്ങളുടെ സാന്നിധ്യമുള്ളതിനാലും പുനരുപയോഗിക്കാനാകാത്ത പ്ലാസ്റ്റിക്ക് കവറുകൾ, കുപ്പികൾ, പേപ്പർ പ്ലേറ്റുകൾ, പേപ്പർ ഗ്ലാസ്സുകൾ എന്നിവ വിനോദ സഞ്ചാരികൾക്കും പഞ്ചായത്തിലെ നിവാസികൾക്കും വന മേഖലയിലെ മൃഗങ്ങൾക്കും ഒരുപോലെ ദോഷകരമായതിനാലും പരിശോധനയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന ഹൈവേ 21-ൽ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 16 | 30. | അതിരപ്പിള്ളി പഞ്ചായത്തിന് തനത് ഫണ്ട് വളരെ കുറവാണെന്നും മാർച്ച് മാസത്തിൽ ഗ്യാപ് ഫില്ലിംഗ് ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നതെന്നും പഞ്ചായത്തിന്റെ മറ്റൊരു വരുമാന മാർഗ്ഗമായ സിൽവർ സ്റ്റോം വാട്ടർ തീം പാർക്കിൽ നിന്നും ലഭ്യമായിരുന്ന വിനോദ നികുതി ജി.എസ് .ടി. നടപ്പിലാക്കിയതോടുകൂടി ലഭ്യമല്ലാത്ത സാഹചര്യമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ വന സംരക്ഷണ സമിതിക്കും ഡി.റ്റി.പി.സി.ക്കും ലഭ്യമാകുന്ന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിന് വിനോദ നികുതിയായോ മറ്റേതെങ്കിലും രീതിയിലോ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം, വനം വന്യജീവി |

| 1 | 2 | 3 | 4 |
|---|---|---|---|
| 17. | 32. | അതിരപ്പിള്ളി വനമേഖലയിൽ തെരഞ്ഞെടുത്ത 24 സ്ഥലങ്ങളിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനാവശ്യമായ രണ്ട് സെന്റ് സ്ഥലവും ജലസ്രോതസ്സിനുള്ള ഉറവിടവും വനം വകുപ്പ് ലഭ്യമാക്കുവാനും ടോയ്‌ലെറ്റുകളുടെ നിർമ്മാണപ്രവർത്തനം വനംവകുപ്പിനെക്കൂടി പങ്കാളിയാക്കി ക്കൊണ്ട് പൂർത്തിയാക്കുവാൻ വിനോദസഞ്ചാര വകുപ്പ് നടപടി സ്വീകരിക്കുവാനും ടോയ്‌ലെറ്റുകളുടെ ചുമതല വി.എസ് . എസ് . മുഖേന വനം വകുപ്പ് നിർവ്വഹിക്കാനും സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| **വയനാട്** | | | |
| 18. | 35 | വയനാട്ടിലെ സ്വകാര്യ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സമിതി നിർദ്ദേശം നൽകി. | വിനോദസഞ്ചാരം |
| 19. | 36 | സൂചിപ്പാറയിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിത കർമ്മസേനയ്ക്ക് കൃത്യമായ യൂസർഫീ നൽകാത്തതും മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നത് സംബന്ധിച്ചും വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പഞ്ചായത്തുകളുമായി എഗ്രിമെന്റ് വയ്ക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തത് ഒരു പോരായ്മയാണെന്ന് മനസ്സിലാക്കിയ സമിതി പഞ്ചായത്തും വിനോദസഞ്ചാര കേന്ദ്രങ്ങളുമായി നേരിട്ട് എഗ്രിമെന്റ് ചെയ്യാനുള്ള വ്യവസ്ഥകൾ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം,<br>തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| 20. | 37 | ഓരോ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ യൂസർ ഫീയായി ഹരിത കർമ്മ സേനയ്ക്ക് 100 രൂപയാണ് ലഭിക്കുന്നത് . പ്രസ്തുത യൂസർ ഫീ കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |
| 21. | 39 | വയനാട് ജില്ലയിൽ ഓരോ വകുപ്പും അവരവരുടെ നിയന്ത്രണത്തിലും, മേൽനോട്ടത്തിലുമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ പരിപാലനം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പാക്കി ജില്ലയൊട്ടാകെ ഹരിത കർമ്മസേനയുടെ നെറ്റ്‌വർക്കിംഗ് സംവിധാനം വ്യാപിപ്പിക്കണമെന്നും മാലിന്യ നിർമ്മാർജ്ജനം ലോക്കൽ ബോഡിയുടെ പ്രധാനപ്പെട്ട ചുമതലയായതിനാൽ ലോക്കൽ ബോഡികൾ അതിന് നേതൃത്വം നൽകുകയും ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓരോ ടൂറിസ്റ്റ് ഡെസ്റ്റിനേഷന്റെയും ചുമതലയുള്ള വകുപ്പുകൾ, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, ഓരോ ഡെസ്റ്റിനേഷനിൽ ഉൾപ്പെടുന്ന പഞ്ചായത്തിന്റെ സെക്രട്ടറി, പ്രസിഡന്റ് , ഉത്തരവാദപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന ഒരു സംവിധാനമുണ്ടാക്കി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | തദ്ദേശസ്വയംഭരണം,<br>വിനോദസഞ്ചാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| 22. | 40 | ശുചിമുറികളില്ലാത്ത ഡെസ്റ്റിനേഷനുകളിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിലൂടെ ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യം ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉറപ്പുവരുത്താൻ ശുചിത്വമിഷൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം |
| 23. | 42 | വയനാട് ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വാഹനങ്ങൾ പ്രവേശിക്കുന്നിടത്ത് നിയന്ത്രിത എൻട്രി സംവിധാനം ഏർപ്പെടുത്തണമെന്നും വഴിയരികിൽ എവിടെയിരുന്ന് ഭക്ഷണം കഴിക്കണം, വേസ്റ്റ് എവിടെ നിക്ഷേപിക്കണം എന്നിവയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിനോദസഞ്ചാര വകുപ്പും ഡി.ടി.പി.സി.യും ചേർന്ന് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും മാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുമായി എഗ്രിമെന്റ് വയ്ക്കാത്ത വിനോദസഞ്ചാര കേന്ദ്രങ്ങൾ അതിനുവേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | വിനോദസഞ്ചാരം |
| 24. | 43 | ഭക്ഷണമാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് നിരീക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും പോലീസിന്റെ സഹായത്തോടെ അനധികൃത പാർക്കിംഗിനെതിരെയും പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന മുന്നറിയിപ്പുകൾ | വിനോദസഞ്ചാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | നൽകണമെന്നും വാഹനങ്ങൾ പാർക്ക് ചെയ്യാൻ മതിയായ സൗകര്യം ഏർപ്പെടുത്തണമെന്നും അതിനുവേണ്ടി ഒരു നിശ്ചിത തുക പാർക്കിംഗ് ഫീസിനത്തിൽ ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | |
| 25 | 46 | എടയ്ക്കൽ ഗുഹയുടെ സവിശേഷതകൾക്ക് ടൂറിസം മാപ്പിൽ വേണ്ടത്ര പ്രാധാന്യം നൽകേണ്ടതാണ്. ഇതിന്റെ പുരാവസ്തുപരമായ പ്രാധാന്യം ലോകത്തിനുമുന്നിൽ വേണ്ട രീതിയിൽ വിനിമയം ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുകയും എടയ്ക്കൽ ഗുഹയെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭിപ്രായപ്പെടുന്നു. എടയ്ക്കൽ ഗുഹയുമായി ബന്ധപ്പെട്ട് മാലിന്യ നിയന്ത്രണത്തിനായി താഴെ പറയുന്ന കാര്യങ്ങൾ സമിതി ശിപാർശ ചെയ്യുന്നു<br><br>1. എടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലയിൽ നിരവധിയാളുകൾ അമ്പുകുത്തി-19, ഗോവിന്ദമൂല, പൊൻമുടിക്കോട്ട തുടങ്ങിയ വഴികളിലൂടെ അമ്പുകുത്തി മലയിലേക്ക് ട്രക്കിംഗ് നടത്തുന്നതായും മലമുകളിൽ ടെന്റ് കെട്ടി ക്യാമ്പ് ചെയ്യുന്നതായും മനസ്സിലാക്കുന്നു. ആയത് മലമുകളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതിന് കാരണമാകുന്നു. ട്രക്കിംഗ് നിരോധനം നടപ്പാക്കുന്നതിനോ അല്ലാത്ത പക്ഷം നിയന്ത്രിത ട്രക്കിംഗ് അനുവദിച്ചോ നിലവിലെ അവസ്ഥ പരിഹരിക്കേണ്ടതാണ് | വിനോദസഞ്ചാര വകുപ്പ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | 2. കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക്ക്-ജൈവ മാലിന്യങ്ങൾ വലിച്ചെറിയുന്നത് സമീപമുള്ള പറമ്പുകളിലും റോഡിരികിലുമാണ്. ആയത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br><br>3. സന്ദർശകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഡി.ടി.പി.സി/പഞ്ചായത്ത്/ ഡി.എം.സി മതിയായ പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. | |
| 26 | 47 | ബാണാസുര സാഗർ അണക്കെട്ടിന്റെ ശുചിത്വത്തിനും മാലിന്യ നിയന്ത്രണത്തിനുമായി താഴെ പറയുന്ന കാര്യങ്ങൾ സമിതി ശിപാർശ ചെയ്യുന്നു.<br><br>1. ഡാമിലേക്കുള്ള സഞ്ചാരികളുടെ തിരക്ക് കൂടുന്നതിനനുസരിച്ച് ഖര, ജൈവ മാലിന്യങ്ങൾ കൂടാനുള്ള സാദ്ധ്യത ഉള്ളതിനാൽ പ്രദേശത്തെ പ്ലാസ്റ്റിക്ക് ഫ്രീ സോണാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച് താമസംവിനാ സ്വീകരിക്കേണ്ടതാണ്.<br><br>2. സഞ്ചാരികളിലൂടെ ഇവിടെ എത്തുന്ന ഖര മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യാനാവശ്യമായ സംവിധാനം നിലവിൽ ടൂറിസം സെന്ററിലോ പഞ്ചായത്തിലോ ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന് ആവശ്യമായ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കേണ്ടതാണ്. | വിനോദസഞ്ചാര വകുപ്പ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | 3. വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്ന അറിയിപ്പ് ബോർഡുകളുടെ അപര്യാപ്തത പ്രദേശത്ത് മാലിന്യം കൂടുന്നതിന് കാരണമാകുന്നതിനാൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br><br>4. 90 കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചു കിടക്കുന്ന ഡാം പ്രദേശത്തെ മാലിന്യ മുക്തമാക്കി സംരക്ഷിച്ചു നിർത്താൻ മറ്റ് വകുപ്പുകളുമായുള്ള ഏകോപനം സാധ്യമാക്കേണ്ടതാണ്.<br><br>5. പ്രദേശത്തെ വേസ്റ്റ് മാനേജ്മെന്റ്, ഖര മാലിന്യ സംസ്കരണം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം സഞ്ചാരികൾക്കും പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്.<br><br>6. പ്രദേശത്തെ ഖര മാലിന്യങ്ങളുടെ കാര്യത്തിൽ റീസൈക്ലിംഗ് യൂണിറ്റ് നിലവിലില്ലാത്തതിനാൽ ഖര മാലിന്യങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുകയും റീസൈക്ലിംഗ് റീ യൂസ് എന്നതിന് പ്രാധാന്യം നൽകുകയും ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്.<br><br>7. ഡാമിന്റെ പ്രവേശനകവാടത്തിൽ നാല് ടോയ്‌ലറ്റ് ബ്ലോക്കുകളാണ് നിലവിലുള്ളത്. സഞ്ചാരികളുടെ തിരക്ക് കൂടുമ്പോൾ ഇത് മതിയാകാതെ വരുന്നു. ടോയ്‌ലറ്റ് ബ്ലോക്കുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്. | |

| 1 | 2 | 3 | 4 |
|---|---|---|---|
| | | 8. നിലവിൽ സഞ്ചാരികൾ കൊണ്ടുവരുന്ന ഭക്ഷണം മരച്ചുവടുകളിൽ ഇരുന്ന് കഴിക്കുന്നതും ശേഷിക്കുന്നത് അവിടെത്തന്നെ നിക്ഷേപിച്ചു പോകുന്നതും മാലിന്യങ്ങൾ കൂടാൻ കാരണമാകുന്നു. സഞ്ചാരികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനും വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിനും പര്യാപ്തമായ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്.<br>9. ഡാം പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന ഹോം സ്റ്റേകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിശോധി ക്കുന്നതിന് നിലവിൽ സംവിധാന മില്ലാത്തതിനാൽ ഹോം സ്റ്റേകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഡാം സേഫ്റ്റി വിങ്ങിന്റെ എൻ.ഒ.സി. കൂടി വേണമെന്ന നിബന്ധന ബാധകമാക്കേണ്ടതാണ്. | |
| | | **മൂന്നാർ** | |
| 27 | 50 | പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) സെന്ററുകളിൽ നിക്ഷേപിച്ച് അവ പിന്നീട് ക്ലീൻ കേരള കമ്പനിക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. മഴക്കാലത്ത് വന്നടിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ വൃത്തിയാക്കിവരുന്നു. ക്ലീൻ കേരള കമ്പനി, ശുചിത്വമിഷൻ, യു.എൻ.ഡി.പി. എന്നിവയുടെ സഹായത്തോടെ ഹരിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | കാര്യം ആലോചിക്കണമെന്നും അവിടെ യൂസർ ഫീ ഈടാക്കുന്നതിനും അതിന് നിയമപരിരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 28. | 54 | ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. ഇടുക്കി ജില്ലയിലെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഹരിത മിഷന്റെ പ്രവർത്തനങ്ങൾ കുടുംബശ്രീ അംഗങ്ങളെ ഉപയോഗിച്ചും ഇടമലക്കുടി പഞ്ചായത്തിൽ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചും നടത്തി വരുന്നു. ഇവിടുത്തെ എല്ലാ പഞ്ചായത്തുകളിൽ നിന്നും ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിക്കുകയും ചെയ്യുന്നു. പഞ്ചായത്തുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ പേയ്മെന്റും മറ്റ് ഭരണപരമായ കാര്യങ്ങളും വേഗത്തിലാക്കി ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയാണെങ്കിൽ മാലിന്യ നിർമ്മാർജ്ജനം കൂടുതൽ ഫലപ്രദമാകുമെന്ന് സമിതി വിലയിരുത്തുകയും ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |
| 29. | 56 | മൂന്നാർ, കട്ടപ്പന, തൊടുപുഴ എന്നിവിടങ്ങളിലായി ഇടുക്കി ജില്ലയിൽ മൂന്ന് ഡമ്പിങ്ങ് യാർഡുകളാണുള്ളത്. അതിൽ മൂന്നാർ ഡമ്പിങ്ങ് യാർഡിലെ വേസ്റ്റ് | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | തരംതിരിച്ച് മാറ്റുന്നത് പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള രണ്ട് ഡമ്പിങ്ങ് യാർഡുകളിലെ വേസ്റ്റ് തരം തിരിച്ച് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | |
| 30. | 57 | ഇടുക്കി ജില്ലയിൽ കോമൺ സെപ്റ്റേജ് പ്ലാന്റുകളും കോമൺ സ്വീവേജ് പ്ലാന്റുകളും ഇല്ലാത്തതിനാൽ മാലിന്യങ്ങൾ പുഴയിൽ ഒഴുക്കി വിടുന്നതുമൂലം പുഴകളിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ടാകുന്ന സാഹചര്യമുണ്ട്. ഇത് തടയുന്നതിനായി രാത്രി കാലങ്ങളിൽ നദിയിൽ സ്വീവേജ് മാലിന്യം ഒഴുക്കുന്നത് കണ്ടുപിടിക്കാൻ ഫലപ്രദമായ മാർഗ്ഗങ്ങളില്ലെന്നും എന്നാൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലാന്റ് സ്ഥാപിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുകയും കോമൺ സെപ്റ്റേജ് പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |
| 31 | 58 | സെപ്റ്റേജ് പ്ലാന്റിനായി ജനവാസ മേഖലയിൽ നിന്ന് മാറി തേയില തോട്ടത്തിന് നടുവിൽ 25 സെന്റ് സ്ഥലം കണ്ണൻ ദേവൻ കമ്പനിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേക്കായി പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിന് ഉചിതമായ നടപടി അടിയന്തരമായി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം, റവന്യൂ |

| 1 | 2 | 3 | 4 |
|---|---|---|---|
| 32 | 59 | കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും ഭൂമി ലഭിച്ചാൽ മാത്രമെ പീരുമേട്, ഉടുമ്പൻചോല, ദേവികുളം എന്നീ മേഖലകളിൽ മാലിന്യ സംസ്കരണ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളു. പ്രസ്തുത ആവശ്യത്തിനായി ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുന്നു. | റവന്യൂ |
| **കോട്ടയം** | | | |
| 33 | 62 | കായൽ ജലത്തിലെ ഇ-കോളി നിരക്ക് 1000 മുതൽ 1500 വരെയാണെന്നും എല്ലാ മാസവും ഇ-കോളിയുടെ തോത് പരിശോധിക്കുകയും ജില്ലാ കളക്ടർ അത് റിവ്യൂ ചെയ്യുകയും ചെയ്യുന്നുവെന്നും സമിതി വിലയിരുത്തുന്നു. എന്നിരുന്നാലും പുഴകളിൽ നിന്നുള്ള ഇ-കോളി ബാക്ടീരിയകൾ മുതലായവയും പാടശേഖരങ്ങളിൽ നിന്നുള്ള കീടനാശിനികളും വേമ്പനാട് കായലിൽ നിറയുന്നത് ഒഴിവാക്കുന്നതിന് തണ്ണീർമുക്കം ബണ്ട് യഥാസമയം തുറക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം, കൃഷി |
| 34 | 64 | ബോട്ടുകളുടെ രജിസ്ട്രേഷൻ 5 വർഷത്തേക്കാണ് നൽകുന്നത്. ബോട്ടിന്റെ സേഫ്റ്റി പരിശോധിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വാർഷിക സർവ്വെയും ഫിറ്റ്നസ് പരിശോധനയും എല്ലാ വർഷവും നടത്തുന്നു. രജിസ്ട്രേഷൻ നമ്പറുകൾ | തുറമുഖം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | ലഭിച്ചിട്ടുള്ള ഹൗസ് ബോട്ടുകൾ പൊതുജനങ്ങൾക്ക് നേരിട്ട് ബുക്ക് ചെയ്യുന്നതിന് വിനോദസഞ്ചാര വകുപ്പ് എൻ.ഐ.സി. (നാഷണൽ ഇൻഫൊർ മാറ്റിക്സ് സെന്റർ) യുമായി ചേർന്ന് ഓൺലൈൻ സംവിധാനം ആരംഭിക്കണമെന്നും അതോടൊപ്പം ഒരു ബോട്ടിന്റെ രജിസ്ട്രേഷൻ നമ്പർ വച്ച് നിരവധി ബോട്ടുകൾ സർവ്വീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബോട്ടുകളിൽ ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 35 | 65. | സ്വകാര്യ ഹൗസ് ബോട്ട് മേഖലയിൽ കൃത്യമായിട്ടുള്ള ഒരു വേസ്റ്റ് മാനേജ്മെന്റ് സംവിധാനം കൊണ്ടുവരുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്നും ഹൗസ് ബോട്ടുകളിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നില്ലെന്നും പേയ്മെന്റ് റസീപ്റ്റ് എടുക്കുന്നു എന്നതുകൊണ്ട് മാത്രം സ്വീവേജ് മാലിന്യമുൾപ്പെടെയുള്ളവ പ്ലാന്റിൽ കൊണ്ടുവന്ന് സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനാവില്ലെന്നും വിലയിരുത്തിയ സമിതി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| 36 | 68 | കോട്ടയത്ത് വേസ്റ്റ് റീസൈക്ലിംഗ് സിസ്റ്റം നിലവിലില്ലാത്തതിനാൽ സ്വകാര്യ സംരംഭകരെ കൂടി പങ്കാളികളാക്കിക്കൊണ്ട് വേസ്റ്റ് റീസൈക്ലിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. | തദ്ദേശസ്വയംഭരണം |
| 37 | 69 | കോട്ടയത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ തരം തിരിക്കുന്നതിനും അവ നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങൾ, തീർത്ഥാടന കേന്ദ്ര മാനേജ്മെന്റുമായി സഹകരിച്ച് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം |
| 38 | 70 | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചീകരണ പ്രവർത്തനത്തിന് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. പ്ലാൻ ഫണ്ടിൽ ശുചിത്വ പരിപാലനത്തിനുവേണ്ടി വകയിരുത്തുന്ന തുകയിൽ ടൂറിസം ഡെസ്റ്റിനേഷനുള്ള പഞ്ചായത്തുകളിൽ ഇ-ടോയിലറ്റ്, വേസ്റ്റ്ബിൻ തുടങ്ങിയവ സ്ഥാപിക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്നും ധാരാളം വിനോദസഞ്ചാരികൾ എത്തുന്ന സ്ഥലങ്ങളിൽ അവിടത്തെ ശുചിത്വ പരിപാലനത്തിന് മുൻഗണന നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| 39 | 71 | ജില്ലയിലെ പ്രധാന ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ഇത്തരം പ്രദേശങ്ങളിൽ പല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ആഭ്യന്തര വകുപ്പും മുൻകയ്യെടുത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി സി.സി.ടി.വി.കൾ സ്ഥാപിച്ചിട്ടുണ്ട്. വിജനമായ സ്ഥലങ്ങളിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് സി.സി.ടി.വി. സ്ഥാപിക്കുകയും അതിന്റെ അറ്റകുറ്റപണി ശുചിത്വമിഷൻ മുഖേന നടത്തുകയും ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ വ്യവസ്ഥകളോടെ അനുവാദം നൽകുകയും പ്ലാൻ ഫണ്ടിൽ നിന്ന് ഇതിനായി തുക വകയിരുത്തുകയും ചെയ്താൽ ഇവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നത് കണക്കിലെടുത്ത് ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ സഹകരിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം |
| 40 | 72 | ദേശീയ തലത്തിൽ ജലാശയങ്ങളുടെ ശുചിത്വം സംബന്ധിച്ച് 26 മാനദണ്ഡങ്ങളാണ് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വേസ്റ്റ് മാനേജ്മെന്റ്/ വേസ്റ്റ് ട്രീറ്റ്മെന്റ് ഫെസിലിറ്റികളും ഇൻഫ്രാസ്ട്രക്ച്ചറും കോട്ടയം ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ പുഴകൾ മലിനമാകുന്ന അടിയന്തര സാഹചര്യം | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | കണക്കിലെടുത്ത് മാലിന്യ സംസ്കരണത്തിന് മുൻഗണന നൽകി സെപ്റ്റേജ് ട്രീറ്റ്മെന്റ്, ലിക്വിഡ് വേസ്റ്റ് ട്രീറ്റ്മെന്റ്, സോളിഡ് വേസ്റ്റ് ട്രീറ്റ്മെന്റ് എന്നിവയ്ക്കായി പ്ലാന്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 41 | 73 | കുമരകം കവണാറ്റിൻകരയിലുള്ള എഫ്.എസ്.റ്റി.പി.(ഫിക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ്) യൂണിറ്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ആലപ്പുഴ ജില്ലയിലുള്ള ടൂറിസം പദ്ധതികൾക്ക് വേണ്ടിയുള്ള എഫ്.എസ്.റ്റി.പി. യൂണിറ്റുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |
| **പൊതു ശിപാർശകൾ** | | | |
| 42 | 74. | വിനോദസഞ്ചാര കേന്ദ്രങ്ങൾ കുറ്റമറ്റതും സഞ്ചാരികൾക്കും തദ്ദേശീയർക്കും സ്വീകാര്യമായതുമാക്കുക എന്ന പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് വേണ്ടി ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 43 | 75 | ഗ്രീൻ ഗ്രാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 79 വിനോദസഞ്ചാര, കേന്ദ്രങ്ങളിലും എയ്റോബിൻ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത് കൂടാതെ യു.വി.മോഡൽ ഡ്രിങ്കിംഗ് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും പരീക്ഷണാടി സ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെ കനകക്കുന്നിലും വേളിയിലും പദ്ധതി നടപ്പാക്കുമെന്നും പ്രസ്തുത പദ്ധതി വിജയിക്കുകയാണെങ്കിൽ മറ്റ് സ്ഥലങ്ങളിലും ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി ഇത് എത്രയും വേഗം പ്രാവർത്തികമാക്കണമെന്ന് ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 44 | 76 | സംസ്ഥാനത്തെ പ്രധാനപ്പെട്ട ആറ് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ടോയ്‌ലെറ്റുകളുടെ നിർമ്മാണച്ചുമതല കിറ്റ്കോയ്ക്ക് നൽകുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പത്തുവീതം ടോയ്‌ലെറ്റ് സമുച്ചയങ്ങൾ കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിക്കാനും അതിന്റെ നടത്തിപ്പ് വിനോദസഞ്ചാര വകുപ്പിന് നൽകുന്നതിന് ഭരണാനുമതി യുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയവ അടിയന്തരമായി പൂർത്തിയാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു_ | വിനോദസഞ്ചാരം |
| 45 | 77 | **'മാലിന്യമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായിട്ടുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ** ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| 46 | 78 | കേരളത്തിന് തന്നെ മാതൃകയായിട്ടുള്ള തുമ്പൂർമൂഴി മോഡൽ എയ്റോബിൻ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം പോലെ അതത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽത്തന്നെ മാലിന്യങ്ങൾ സംസ്കരിച്ച് കൃഷിക്കുള്ള വളമാക്കി പാക്കറ്റുകളിൽ വിൽക്കുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് പഠിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 47 | 79 | വിനോദസഞ്ചാര മേഖലകളിൽ പ്ലാസ്റ്റിക്ക് കളക്ഷൻ ബൂത്തുകൾ സ്ഥാപിക്കുന്നത് പ്ലാസ്റ്റിക്ക് വേസ്റ്റുകൾ ശേഖരിക്കുന്നതിന് പ്രയോജനപ്രദമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. വിനോദസഞ്ചാരികൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് കുപ്പികളും മറ്റും ശേഖരിച്ചതിനുശേഷം അവർ തിരിച്ചു പോകുമ്പോൾ അവരുടെ കൈവശം കൊടുത്തുവിടുകയോ അല്ലെങ്കിൽ അവ ശേഖരിച്ച് റോഡിന്റെ ടാറിംഗിന് ഉപയോഗിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 48 | 80 | കോവളം, ശംഖുമുഖം പോലെയുള്ള തുറസ്സായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്ക് നിരോധിക്കുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്നും ഇവിടങ്ങളിലെ കച്ചവടക്കാർക്ക് പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ബോധവത്ക്കരണം നൽകിയാൽ ഒരു പരിധിവരെ പ്ലാസ്റ്റിക്ക് ദുരുപയോഗം തടയാൻ സാധിക്കുമെന്നും വാട്ടർ കിയോസ്കുകൾ | വിനോദസഞ്ചാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | കിയോസ്കുകൾ വ്യാപകമാകുന്നതോടുകൂടി പ്രവേശനനിയന്ത്രിത മേഖലയായ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക്ക് കുപ്പിവെള്ള വിതരണം നിയന്ത്രിക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആവശ്യാനുസരണം ശുദ്ധജല കിയോസ്കുകൾ സ്ഥാപിക്കുവാൻ വിനോദസഞ്ചാര വകുപ്പ് മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 49 | 81 | സംസ്ഥാനത്തെ പ്രധാന ബീച്ചുകളിലെ ടോയ്‌ലെറ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ട സമിതി ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 50 | 82 | സ്കൂളുകളിൽ സംഘടിപ്പിച്ചു വരുന്ന 'കളക്ടേർസ് @ സ്കൂൾ' പ്രോഗ്രാം കുട്ടികളിൽ ശുചിത്വശീലം വളർത്തുന്നതിന് ഉപകരിക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇപ്രകാരം പ്ലാസ്റ്റിക്ക് കളക്ഷൻ ബൂത്തുകൾ സ്ഥാപിച്ച് ശുചീകരണ പദ്ധതികൾ വിപുലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാരം |
| 51 | 83 | മാലിന്യ സംസ്കരണത്തിലെ പ്രതിസന്ധികളെ മറികടക്കാൻ ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. പ്രായോഗികമായി ഏതൊക്കെ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വേസ്റ്റ് മാനേജ്മെന്റ് നടത്തേണ്ടതെന്ന് തിരിച്ചറിയാൻ | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | ശ്രമിക്കുകയും അവ ലിസ്റ്റ്ഔട്ട് ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ എങ്ങനെ മറികടക്കാമെന്ന് നേരിട്ട് കാണിച്ചും വിഷ്വലൈസ് ചെയ്തും ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 52 | 84 | മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ജൈവ-അജൈവ മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള പരിപാടികൾ പൊതുജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |
| 53 | 85 | എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്ക്, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവ റീസൈക്കിൾ ചെയ്യുന്നതിനും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സമിതി നിർദേശിക്കുന്നു. | തദ്ദേശസ്വയംഭരണം |
| 54 | 86 | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ റോഡരികുകൾ, പ്രധാന തെരുവുകൾ, ബസ്, ഓട്ടോ, ടാക്സി സ്റ്റാൻഡ് മുതലായ സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി പ്രത്യേക വേസ്റ്റ് ബിന്നുകൾ, മാലിന്യ സംസ്കരണ അവബോധത്തിനായി സൈനേജ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കണമെന്ന് സമിതി നിർദേശിക്കുന്നു. | തദ്ദേശസ്വയംഭരണം |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 55 | 87 | ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണത്തിനായി ഡി.റ്റി.പി.സി.യുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി ഇടപെടൽ നടത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു. | തദ്ദേശസ്വയംഭരണം |
| 56 | 88 | ഹൗസ് ബോട്ടുകൾ ഉൾപ്പെടെ എല്ലാ ബോട്ടുകളിൽ നിന്നും ഇന്ധനം വെള്ളത്തിൽ കലരുന്നത് ഒഴിവാക്കുന്നതിന് സി.എൻ.ജി., സോളാർ എന്നിവയാൽ പ്രവർത്തിക്കുന്ന ബോട്ടുകൾ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതലായി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തുറമുഖം |

# അനുബന്ധം- II